കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി8/962/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.25.07.2017

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി8/962/2017 തീയതി:25.07.2017

*ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്*

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 08.12.2016 മുതൽ 05.07.2017 വരെ വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2017മുതൽ 15.07.2017വരെ | ശ്രീ.ജ്യോതിമോൻ സി.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ് കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ് റ്റി., ഓഡിറ്റർ |
| | ശ്രീമതി.രാജിമോൾ പി.സി.,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.ഇന്ദിര തിലകൻ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ.വി.വി.ബോബൻ | 01.04.2016 മുതൽ 02/02/2017വരെ |
| 2. | ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) | 03.02.2017 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | പേര് | കാലയളവ് |
|---|---|---|
| ധനകാര്യം | ശ്രീ.എം.ജി.ലൈജു | 01/04/2016 - 31/03/2017 |
| വികസനകാര്യം | ശ്രീമതി.സിസിലി (കുഞ്ഞുമോൾ ഷാജി) | 01/04/2016 - 31/03/2017 |
| ക്ഷേമകാര്യം | ശ്രീ.എ.എസ്. ജയമോഹൻ | 01/04/2016 - 31/03/2017 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. കല | 01/04/2016 - 31/03/2017 |

4)മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു.ബി | 01/04/2016 മുതൽ 01/10/2016 വരെ |
| | ശ്രീ.ജഗൻ | 02/10/2016 മുതൽ 17/11/2016 വരെ |
| | ശ്രീമതി.സാനിജോർജ്ജ് | 18/11/2016 മുതൽ 21/12/2016 വരെ |
| | ശ്രീമതി. ജിഷമോൾ.എം | 22/12/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ.ആഷ.കെ.പി | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.അനിതകുമാരി | 01/04/2016 മുതൽ 31/03/2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.മേരി ലിഷി | 01/04/2016 മുതൽ 31/10/2016 വരെ |
| | ഡോ.ലിറ്റി.എം.ചെറിയാൻ | 01/11/2016 മുതൽ 30/11/2016 വരെ |
| | ഡോ.മേരി ലിഷി | 01/12/2016 മുതൽ 07/12/2016 വരെ |
| | ഡോ. രചന.ആർ | 08/12/2016 മുതൽ 31/03/2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി.ഡി.അന്നമ്മ | 01/04/2016 മുതൽ 31/03/2017 വരെ |
| പ്രധാന അദ്ധ്യാപിക, ഗവ. എൽ.പി.എസ്. | ശ്രീമതി.ബീമാബീവി എ.എ. | 01/04/2016 മുതൽ 31/03/2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കീർത്തിമാധവ്.എസ് | 01/04/2016 മുതൽ 31/03/2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.സുധീർ (കാട്ടൂർ സർക്കിൾ) | 01/04/2016 മുതൽ 01/06/2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | ശ്രീ. അബ്ദുൾ സലാം (കാട്ടൂർ സർക്കിൾ) | 02/06/2016 മുതൽ 16/06/2016 വരെ |
| | ശ്രീ.മുത്തുമണി (കാട്ടൂർ സർക്കിൾ) | 17/06/2016 മുതൽ 31/03/2017 വരെ |
| | ശ്രീ.സജിത്ത് രാജ് (വളവനാട് സർക്കിൾ) | 01/04/2016 മുതൽ 15/06/2016 വരെ |
| | ശ്രീ.അബ്ദുൾ സലാം (വളവനാട് സർക്കിൾ) | 16/06/2016 മുതൽ 31/03/2017 വരെ |
| | ശ്രീ.സുധീർ (ചെട്ടികാട് സർക്കിൾ) | 01/04/2016 മുതൽ 29/07/2016 വരെ |
| | ശ്രീ.മുത്തുമണി (ചെട്ടികാട് സർക്കിൾ) | 30/07/2016 മുതൽ 18/11/2016 വരെ |
| | ശ്രീ.ഹാഷിഫ് (ചെട്ടികാട് സർക്കിൾ) | 19/11/2016 മുതൽ 15/12/2016 വരെ |
| | ശ്രീമതി.രേഖ ചെട്ടികാട് സർക്കിൾ) | 16/12/2016 മുതൽ 31/03/2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ലീന | 01/04/2016 മുതൽ 04/06/2016 വരെ |
| | ശ്രീ.സാജൻ | 05/06/2016 മുതൽ 12/01/2017 വരെ |
| | ശ്രീമതി.സൂര്യ.പി.എസ് | 13/01/2017 മുതൽ 31/03/2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുനിൽ കുമാർ.എസ് | 01/04/2016 മുതൽ 31/03/2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം – 2 |
| 12 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം വരുമാന നഷ്ടം |
| 13 | 2-2 | തൊഴിൽ നികുതി -അപാകതകൾ |
| 14 | 2-3 | വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ് |
| 15 | 2-4 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല |
| | | ഭാഗം – 3 |
| 16 | 3-1 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പദ്ധതി |
| 17 | 3-2 | LED സ്ഥാപിക്കൽ/ വാങ്ങൽ |
| 18 | 3-3 | രേഖകളുടെ അഭാവം - ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 19 | 3-4 | പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ- അപാകതകൾ |
| 20 | 3-5 | ഗ്രാമസഭാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - നാളിതുവരെ വിതരണം ചെയ്തിട്ടില്ല |
| 21 | 3-6 | തുല്യത പഠനം - പണം ചെലവ് ചെയ്തതിന് രേഖകളില്ല |
| 22 | 3-7 | ബാലകൈരളി ഭക്ഷണ വിതരണം ക്രമപ്രകാരമല്ല |
| 23 | 3-8 | എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി - തനത് ഫണ്ടിലേക്ക് അനുവദിച്ച സബ്സിഡി തുക പൂർണ്ണമായി വിനിയോഗിച്ചില്ല |
| 24 | 3-9 | വെള്ളക്കരം കുടിശ്ശിക ബാധ്യത ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് |
| 25 | 3-10 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 26 | 3-11 | പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല |
| 27 | 3-12 | പാലിയേറ്റീവ് കെയർ പരിചരണം നേരത്തേ അവസാനിപ്പിക്കുന്നു |
| 28 | 3-13 | ക്യാൻസർ നിർണ്ണയ പരിപാടി - പദ്ധതിയുടെ ലക്ഷ്യം നടപ്പിലായില്ല |
| 29 | 3-14 | ജീവിതശൈലി രോഗനിയന്ത്രണം-മരുന്ന് ലഭ്യമായില്ല |
| 30 | 3-15 | വാർഡുതല സാനിട്ടേഷൻ സമിതി മുഖേന പകർച്ചപനി പ്രതിരോധപ്രവർത്തനങ്ങൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല |
| 31 | 3-16 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ |
| 32 | 3-17 | മത്സ്യത്തൊഴിലാഴികൾക്ക് വല- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 33 | 3-18 | ഇ.എം.എസ്. ഭവന വായ്പാ തിരിച്ചടവിലെ കാലതാമസം-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ക്രമീകരിച്ചു |
| 34 | 3-19 | പദ്ധതി പണം ചെലവഴിക്കുന്നതിനു പകരം തനത് ഫണ്ട് ചെലവഴിച്ചു |
| 35 | 3-20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 36 | 3-21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |
| 37 | 3-22 | എലിക്കെണി - പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ |
| 38 | 3-23 | ഇഞ്ചികൃഷി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 39 | 3-24 | ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 40 | 3-25 | മഞ്ഞൾ കൃഷി വികസനം- പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല |
| 41 | 3-26 | ചെറുപയർ കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ |

| | | |
|---|---|---|
| 42 | 3-27 | കൃഷി ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - ഉയർന്ന നിരക്ക് നൽകിയതുമൂലം അധിക ചെലവ് |
| 43 | 3-28 | വനിതാ റിസോഴ്സ് സെന്റർ കൗൺസിലർക്ക് ഓണറേറിയം ഇനത്തിൽ അധിക തുക നൽകി |
| 44 | 3-29 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു |
| 45 | 3-30 | സ്ത്രീ സൗഹൃദഗ്രാമം -യോഗ പരിശീലനം - സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് ചെലവ് |
| 46 | 3-31 | വൃദ്ധർക്ക് കട്ടിൽ- പ്രോജക്ടിലെ അപാകതകൾ |
| 47 | 3-32 | സ്കോളർഷിപ്പ് തുകകൾ പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല |
| 48 | 3-33 | ഇ-ടെണ്ടർ -ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല |
| 49 | 3-34 | ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധികച്ചെലവ് |
| 50 | 3-35 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ സപ്ലൈ ചെയ്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല |
| 51 | 3-36 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി |
| 52 | 3-37 | നടത്തപ്പെടാത്ത പദ്ധതിക്കായി ഗുണഭോക്തൃവിഹിതം സമാഹരിച്ചു |
| 53 | 3-38 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ |
| | | ഭാഗം – 4 |
| 54 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ |
| 55 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 56 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 57 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 58 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 59 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 60 | 4-7 | ഓഡിറ്റ് റിക്കവറി |
| 61 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 62 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 63 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 64 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 65 | അനുബന്ധം-2 | ഇ-ടെണ്ടറുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൻവർഷം ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് )യുടെ വിവരം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29/02/2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 24,10,44,935/- | 24,04,16,299/- |
| വാർഷിക കണക്ക് പ്രകാരം | 8,92,86,370/- | 7,94,17,295/- |

ബജറ്റും വാർഷിക കണക്കും തമ്മിൽ വളരെയേറെ അന്തരമുള്ളതിനാൽ ബജറ്റ് യുക്തിസഹമായിട്ടല്ല തയാറാക്കുന്നതെന്ന് വ്യക്തമാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ,സാമ്പത്തിക വർഷം അവസാനിക്കുന്ന തിന് വളരെ മുൻപുതന്നെ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടണമെന്നും ഇപ്രകാരം അംഗീകാരം നേടുന്ന വാർഷിക പദ്ധതി കൂടി സംയോജിപ്പിച്ചുകൊണ്ടായിരിക്കണം ബജറ്റ് തയ്യാറാക്കി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ഭരണസമിതിയുടെ അംഗീകാരം നേടേണ്ടതെന്നും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 214) അനുശാസിക്കുന്നു. വാർഷിക പദ്ധതികൾ പൂർണ്ണമായും ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 13.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു. (അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്).

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17981375 |
| വരവ് | 89286370 |
| ആകെ | 107267745 |
| ചെലവ് | 79417295 |
| നീക്കിയിരിപ്പ് | 27850450 |

ഭാഗം-4 ഖ.4-1 ൽ പരാമർശിക്കും വിധം കണക്കുകളിൽ ധാരാളം അപാകതകൾ ഉണ്ടെങ്കിലും അക്കൗണ്ട്സ് പ്രകാരമുള്ള സാമ്പത്തിക വിശകലനമാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27312702 | 24704659 | 90.45 |
| വികസനഫണ്ട് എസ്.സി.പി. | 3598584 | 2063547 | 57.34 |

| | | | |
|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 404523 | 404523 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 4035849 | 171304 | 4.24 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5741598 | 2879188 | 50.14 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14280420 | 8938946 | 62.59 |
| പെർഫോമൻസ് ഗ്രാന്റ് | 8393373 | 1878990 | 22.38 |
| ബി ഫണ്ട് | 66617560 | 66617560 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 91677025 | 89518464 | 97.64 |
| | (മുന്നിരിപ്പ് 115789 ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 2158561) |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 269 | 102910852 | 85 | 45693055 | 48 | 136 | 31.5% |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52.62 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6411456 | 9920871 | 3509415 | 54.73 |
| നികുതിയേതര വരവുകൾ | 694056 | 1089453 | 395397 | 56.96 |
| മറ്റ് വരവുകൾ | 451184 | 447089 | 4095 | 0.90% |
| ആകെ | 7556696 | 11457363 | 3900667 | 51.62 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1662360 | 1050 |
| കർഷകതൊഴിലാളി പെൻഷൻ | 2532990 | 367 |
| വിധവാപെൻഷൻ | 10508630 | 1539 |
| വാർദ്ധക്യകാലപെൻഷൻ | 45829765 | 5243 |
| വികലാംഗപെൻഷൻ | 3943275 | 710 |
| അവിവാഹിതപെൻഷൻ | 1570540 | 250 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017, 3.15pm ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 21,993/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ കൃത്യമായ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ല. കരാർ രജിസ്റ്ററുകളിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ എല്ലാ വിവരങ്ങളും (പെർഫോർമൻസ് സെക്യൂരിറ്റി, ഇ.എം.ഡി, തുടങ്ങിയവ) രേഖപ്പെടുത്തുന്നില്ല. പൊതു ടാപ്പുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/05/17 - 11/05/2017 | 01/04/2017 - 30/04/17 | 23/06/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/04/2013 - 15/04/2013 | 2008-2009 - 2012-2013 | 29/06/2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം വരുമാന നഷ്ടം

1.കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കാത്തതു മൂലം വരുമാന നഷ്ടം

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഓരോ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്കും ഒരു ചതുരശ്ര മീറ്ററിന് ഈടാക്കേണ്ട നികുതി, സർക്കാർ വിജ്ഞാപനത്തിലൂടെ പുറപ്പെടുവിച്ച നികുതി നിരക്കിന്റെ പരിധിക്ക് വിധേയമായി പഞ്ചായത്ത് കമ്മിറ്റിക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കുന്നത്.

പഞ്ചായത്തിന്റെ പരിധിയിൽ അഞ്ചാംവാർഡിൽ ശ്രീ.ഗോപാലകൃഷ്ണൻ നായർ, ശ്രീമതി.ശോഭനാദേവി എന്നിവരുടെ

ഉടമസ്ഥതയിലുള്ള 550.54 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി V/509A മുതൽ V/526M വരെ പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ ബിൽഡിങ്ങിന്റെ നികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം V/509A മുതൽ V/526M വരെയുള്ള 13 കടമുറികൾക്കും പ്രത്യേകം വസ്തുനികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഷോപ്പിങ് മാളുകളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ വലിയ കുറവ് വന്നിരിക്കുന്നു .

| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തു നികുതി | റോഡിന് വർദ്ധന 20% | ഈടാക്കേണ്ട നികുതി (ച.മീ.ന് 80/- രൂപ നിരക്കിൽ) | ഈടാക്കിയ നികുതി (ച.മീ.ന് 45/- രൂപ നിരക്കിൽ) | വ്യത്യാസം |
|---|---|---|---|---|---|
| 550.54 ച.മീ | 44043/- (550.54*80=44043/-) | 8807/- (44043* 20% =8807) | 55493/- (44043+8807+2643) (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 31215/-(550.54*45+4954+1486 20% റോഡിന് വർദ്ധന (5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 24278/- |

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഓരോ മുറികൾക്കും പ്രത്യേകം നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചപ്പോഴുണ്ടായ വ്യത്യാസം പരിഹരിച്ച് ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2.നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വരുമാന നഷ്ടം

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 70/- മുതൽ 90/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തു നികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ്. എന്നാൽ ശ്രീ.സലിം ജി, ഭൂപതി ഭവൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 220.57ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിലുള്ള വാണിജ്യാവശ്യത്തിനുള്ള 4/429 A നം. കെട്ടിടത്തിന്റെ നികുതി, ചതുരശ്ര മീറ്ററിന് 45/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം = 220.57 ച.മീ

അടിസ്ഥാന വസ്തു നികുതി = 220.57*60=13234/-

കുറഞ്ഞ തരം മേൽക്കൂര, ഇളവ് 10% =1323/-

13234 – 1323= 11911/-

ലൈബ്രറി സെസ്സ് (5%) =596/-

ഈടാക്കേണ്ട നികുതി = 12507/-

ഈടാക്കിയ നികുതി=9381/-

വ്യത്യാസം =3126/-

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻകാല പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

3. നികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച്

ശ്രീമതി. ആർ ജയകുമാരി,അനുഗ്രഹം എന്നയാളുടെ ഉടമസ്ഥതയിലുള്ള പത്ത് വർഷത്തിലധികം പഴക്കമുള്ള

വാണിജ്യാവശ്യത്തിനുള്ള 9/720 നം. കെട്ടിടത്തിന്റെ അസസ്സ്മെൻറ് വിവരങ്ങൾ 2016-17 സാമ്പത്തിക വർഷത്തിലാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ളത്. ഇതിലെ രേഖപ്പെടുത്തലുകൾ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 264 ച.മീ. ആണ്. 100 ച.മീ. ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. സഞ്ചയയിൽ ഈ കെട്ടിടത്തെ 100 ച.മീ. ന് താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് പെടുത്തിയിരിക്കുന്നത്. കാലപ്പഴക്കത്തിന് ആനുപാതികമായ 10% ഇളവിനും റോഡിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവിനും ശേഷം ഈ കെട്ടിടത്തിന് ഈടാക്കാവുന്ന നികുതി 17424/- രൂപയാണ്.

എന്നാൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്ത പഴയ അസസ്സ്മെൻറ് രജിസ്റ്ററിൽ ഇതിന്റെ നികുതി 1134/- രൂപയാണ്. 2013 ന് മുമ്പ് നികുതി അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതിയിൽ 100% ലധികം വർദ്ധന പാടില്ലാത്തതിനാൽ നിലവിൽ ഈ കെട്ടിടത്തിന് 2268/- രൂപ മാത്രമാണ് നികുതി ഈടാക്കുന്നത്. ഈ കെട്ടിടത്തിന് പുതുതായി എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പഴയ അസസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഈ കെട്ടിടം പാർപ്പിടാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. പാർപ്പിടാവശ്യത്തിനായി അസസ് ചെയ്ത കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുമ്പോഴും നികുതി പുനർനിർണ്ണയിക്കാതിരുന്നത് ഗുരുതര വീഴ്ചയാണ്. കൂടാതെ കെട്ടിടത്തിന്റെ ഏരിയ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ പഴയ അസസ്സ്മെന്റിൽ അപാകതയുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി -അപാകതകൾ

1.ഹോട്ടൽ അബാദ് ടർട്ടിൽ എന്ന സ്ഥാപനത്തിന്റെ ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം/തീയതി | കുറവ് |
|---|---|---|---|---|---|---|
| 1 | ധന്യൻ പി.ഡി | 1,00,017 | 1000/- | 750/- | 11602500008 /31.08.2016 | 250/- |
| 2 | കെ.എ. ബാലൻ | 1,25,514/- | 1250/- | 1000/- | " | 250/- |
| 3 | മേരി | 45,533/- | 450/- | 300/- | " | 150/- |
| 4 | എസ്.കെ.ഉകിൽ | 63200/- | 600/- | 450/- | " | 150/- |
| 5 | പ്രവീൺ. എസ് | 100610/- | 1000/- | 750/- | 11602500118/ 27-2-2017 | 250/- |
| 6 | ഷമീർ. ഇ. കെ | 77230/- | 750/- | 600/- | " | 150/- |
| 7 | ശിവശങ്കരപിള്ള | 130938/- | 1250/- | 1000/- | " | 250/- |
| 8 | സുനിൽ സിങ് | 75150/- | 750/- | 600/- | " | 150/- |
| 9 | വികാസ് സിങ് റാണ | 1,27,203/- | 1250/- | 1000/- | " | 250/- |
| ആകെ | | | | | | 1850/- |

2.ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|
| കൊശമറ്റം ഫിനാൻസ്, കലവൂർ | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| സർവ്വീസ് സഹകരണ ബാങ്ക്, കലവൂർ | ഒടുക്കിയിട്ടില്ല. | 7500/- Rpt No.11602107489/ 29.03.2017 |
| ക്ലാസ്സിക് കയർ ഫാക്ടറി, | 17750/- | ഒടുക്കിയിട്ടില്ല |

| | | |
|---|---|---|
| | Rpt No.11602100004/ 19.08.2016 | |
| ശ്രീ ഭഗവതി ഏജൻസീസ് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| ആലപ്പി ലെയ്ക്സ് & ലഗൂൺസ് ടൂറിസം ലിമിറ്റഡ് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| വൈദ്യാസ് ആയുർവ്വേദ വില്ലേജ് & ഇൻസ്റ്റിറ്റ്യൂട്ട് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| ഇറാൻഡിയ മാരാരി ആയുർവ്വേദ ബീച്ച് റിസോർട്ട് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| എൽ ഓഷ്യാനോ ബീച്ച് വില്ലാസ് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. |
| നടേശ് ഫ്യൂവൽസ് | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |
| IDBI | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |

3.പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഒടുക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|
| SBT പാതിരപ്പള്ളി | 2500 |
| HOMCO പാതിരപ്പള്ളി | 2500 |
| സർവ്വീസ് സഹകരണ ബാങ്ക്,കലവൂർ | 2500 |
| കോർപ്പറേഷൻ ബാങ്ക് ,ചെട്ടികാട്(2nd half ഒടുക്കിയിട്ടില്ല) | 1250 |
| കൊശമറ്റം ഫിനാൻസ്,കലവൂർ | 2500 |
| മുത്തൂറ്റ് ഫിൻകോർപ്,(2nd half ഒടുക്കിയിട്ടില്ല) | 1250 |
| KSEB,പാതിരപ്പള്ളി | 2500 |
| EVM മോട്ടോഴ്സ്,(2nd half ഒടുക്കിയിട്ടില്ല) | 1250 |
| ആകെ | 16250 |

മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പലിശ സഹിതം തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17/554 നം. കടമുറി ശ്രീ രജിമോൻ, വെളുത്തേടത്ത് എന്നയാൾ, 630/- രൂപ പ്രതിമാസ വാടകയിൽ 2016-17 കാലയളവിലേക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. ടിയാൻ മൂന്ന് മാസത്തെ വാടക മാത്രമേ ഒടുക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 9 മാസങ്ങളിലെ വാടകയായ 5670/-രൂപ നാളിതുവരെയായി ഒടുക്കിയിട്ടില്ല. നിലവിൽ ടിയാൻ ഈ കടമുറിയിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ വിഷ്ണു.എസ്.നേശൻ, പുന്നത്തുവെളി എന്നയാൾ പഴയ കൃഷി ഭവൻ പരിസരത്തെ ഫലവൃക്ഷങ്ങളുടെ മേലാദായം എടുക്കുന്നതിനായി, 2016-17 കാലയളവിലേക്ക് 1500/- രൂപയ്ക്ക് ലേലം കൊണ്ടിരുന്നു.എന്നാൽ ഈ തുകയും നാളിതുവരെയായി ഒടുക്കിയിട്ടില്ല.
കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ /തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ/രേഖകൾ പരിശോധിച്ചതിൽ 2013-14 വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി ഇനത്തിൽ ആകെ 1049685/- രൂപ ഇപ്രകാരം കാലഹരണപ്പെട്ട നിക്ഷേപമായിട്ടുണ്ട്. കാലഹരണപ്പെട്ട നിക്ഷേപ തുകയായ 1049685/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പദ്ധതി

പ്രോജക്ട് നം. S.25/16-17, S275/16-17, S0025/16-17

പ്രോജക്ടിന്റെ പേര്. അങ്കണവാടിക്ക് സ്ഥലം വാങ്ങൽ.

| പ്രോജക്ട് നം | S-25/16-17 | S-275/16-17 | S0025/16-17(S.O) |
|---|---|---|---|
| ചെലവ് | 6 ലക്ഷം | 2 ലക്ഷം | 168660 |

ചെലവ് വിവരം:

1. ബിൽ – 48/16-17/31.03.17 – 2,00,000
2. ബിൽ – 47/16-17/31.03.17 – 1,68,660
3. ബിൽ – 46/16-17/31.03.17 – 6,00,000
4. ചെക്ക് നം........../31.03.17 – 1,88,625

ആകെ – 11,57,285

2016-17 കാലയളവിൽ മൂന്ന് അംഗനവാടികൾക്ക് വേണ്ടി സ്ഥലം വാങ്ങൽ എന്ന പദ്ധതിയ്ക്കുവേണ്ടി ധനകാര്യകമ്മീഷൻ അവാർഡും സാധാരണവിഹിതവും കൂടി 968660/-രൂപയും തനത് ഫണ്ടിൽ നിന്ന് 378000/-രൂപയും ഉൾപ്പെടെ ആകെ 13,46,660/-രൂപയാണ് അടങ്കൽ തുക. മൂന്ന് അങ്കണവാടികൾക്കും കൂടി ആകെ 1157285/-രൂപയാണ് ചെലവ് നടത്തിയിട്ടുള്ളത്. ആയതിൽ 968660/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും 188625/-രൂപ തനത് ഫണ്ടിൽ നിന്നും ഉപയോഗിച്ച് താഴെ പറയുന്നവരിൽ നിന്ന് സ്ഥലം വാങ്ങിയിട്ടുള്ളതാണ്.

| വാർഡ് നമ്പർ/ അംഗനവാടി നം. | സ്ഥലം നൽകിയിട്ടുള്ള വ്യക്തിയുടെ പേര് | വില്ലേജ് | റീ സർവേ നം. | സ്ഥലത്തിന്റെ അളവ് (ആർസ്) | സ്ഥലത്തിന് നൽകിയിട്ടുള്ള വില/നൽകേണ്ട വില | അനുബന്ധ ചെലവുകൾ (രജിസ്ട്രേഷൻ ഫീസ്,മുദ്രപത്ര വില) | സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവില (ആർസ്) |
|---|---|---|---|---|---|---|---|
| 8/82 | രാജമ്മ | പാതിരാപ്പള്ളി | 527 | 1.21 | 478025 (45375) | 52945 | 37500 |
| 10/85 | തങ്കമ്മ | പാതിരാപ്പള്ളി | 660 | 0.96 | 379260 (28800) | 43226 | 30000 |
| 16/96 | രാജേന്ദ്രബാബു | കലവൂർ | 178 | 1.21 | 300000 (36300) | 38695 | 30000 |

സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയേക്കാൾ വളരെ ഉയർന്ന വിലയാക്കാണ് മേൽ സ്ഥലങ്ങൾ പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്. വിപണി മൂല്യം കൂടി കണക്കിലെടുത്ത് പരമാവധി 50% വർദ്ധനവ് വരുത്തിയാൽ പോലും മേൽ പറഞ്ഞവില വരുകയില്ല. സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്ഥലങ്ങൾ വാങ്ങുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവില മാനദണ്ഡമാക്കി വേണം വാങ്ങലുകൾ നടത്തേണ്ടത്. അത്തരത്തിൽ സ്ഥലങ്ങൾ വാങ്ങുവാൻ സാധിച്ചില്ലായെങ്കിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാ തല പർച്ചേസിംഗ് കമ്മറ്റിയുടെ അനുമതി വാങ്ങി വേണം വാങ്ങൽ നടത്തുവാൻ. ഉയർന്ന വിലയ്ക്ക് സ്ഥലങ്ങൾ വാങ്ങിയിട്ടുള്ളതുവഴി സർക്കാർ ഫണ്ടിൽ നിന്നും നഷ്ടം സംഭവിച്ചിട്ടുണ്ട്. നടവഴി പോലുമില്ലാത്ത സ്ഥലത്തിനാണ് ഉയർന്ന വില നൽകിയിട്ടുള്ളത് (രാജമ്മയുടെ സ്ഥലം). ന്യായവിലയേക്കാൾ ഉയർന്ന വിലയ്ക്ക് സ്ഥലങ്ങൾ വാങ്ങിയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വില്ലേജ് ഓഫീസറുടെ വിലനിർണ്ണസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല പർച്ചെയ്സിംഗ് കമ്മറ്റിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് പറയുന്നു. സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 11,57,285/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 LED സ്ഥാപിക്കൽ/ വാങ്ങൽ

1. പ്രോജക്ട് നമ്പർ 250/17

അടങ്കൽ - 1250000

ഈ പദ്ധതിയനുസരിച്ച് 625, 24w ഹാവെൽസ് ബ്രാന്റ് എൽ.ഇ.ഡിലൈറ്റുകൾ തീരദേശ റോഡുകളിലും ഹൈവേയിലും സ്ഥാപിച്ച് ആയതിന്റെ ബിൽ 10 ദിവസത്തിനുള്ളിൽ ലഭ്യമാക്കുവാൻ പഞ്ചായത്തിലെ 31.1.17 ലെ PL- 1143/17 നമ്പർ സപ്ലൈ ഓർഡർപ്രകാരം എഡിസൺ ഇലക്ട്രോണിക്സ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിരുന്നു. ഒരെണ്ണത്തിന് 1848 രൂപ നിരക്കിൽ 1155000 രൂപയും ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 93750 രൂപ ഉൾപ്പെടെ ആകെ 1248750 രൂപ എഡിസൺ ഇലക്ട്രോണിക്സിന് നൽകിയിട്ടുണ്ട്. എന്നാൽ ടി. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകളും കെ.എസ്.ഇ.ബിയിൽ നിന്നുള്ള കംപ്ലീഷൻ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. നിലവിൽ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി എത്രയും വേഗം പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ചെലവ് തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ – 59/16-17/31.03.17 Rs.1248750/-

2. പ്രോജക്ട് - 207/17

തെരുവ് വിളക്ക് അറ്റകുറ്റപ്പണി -

ഈ പദ്ധതി പ്രകാരം ബിൽ നമ്പർ 27/16-17/25.2.17 – 230108/-

ബിൽ നമ്പർ 42/16-17/24.3.2017 – 171292/- എന്നിവ അനുസരിച്ച് ആകെ 401400 രൂപയ്ക്ക് വിവിധ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് 35/17, 207/17 എന്നിവയിൽ മിച്ചം വന്ന 209990 രൂപയുമുപയോഗിച്ച് 253 സി.എഫ്.എൽ ലൈറ്റ് വിത്ത് ഫിറ്റിംഗ്സ് - കുണ്ടേലാറ്റ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

(ബിൽ നമ്പർ - 61/16-17/31.3.17- 12185

ബിൽ നമ്പർ - 58/16-17/31.3.17- 197805)

മേൽ സൂചിപ്പിച്ച വിധം വാങ്ങിയിട്ടുള്ള സാധനങ്ങളെല്ലാം പഞ്ചായത്തിൽ സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. വൈദ്യുതി ലൈൻ ദീർഘിപ്പിക്കലിനായി കെ.എസ്.ഇ.ബിയിൽ നിക്ഷേപം നടത്തിയിട്ടുള്ള പദ്ധതികൾക്ക് വേണ്ടി കൃത്യമായി കണക്ക് എടുക്കാതെ പദ്ധതി പണം എങ്ങനെയെങ്കിലും ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 രേഖകളുടെ അഭാവം - ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക ആർക്ക് നൽകി എന്നത് | ബിൽ നമ്പർ | തുക | പരാമർശം |
|---|---|---|---|---|---|
| 35/17 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി. | ശ്രീ. വി.എൻ സതീഷ്കുമാർ | 12/16-1/28.10.16 | 115650 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| 35/17 | -ടി ട്യൂബ് ലൈറ്റ് വാങ്ങൽ | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 20/16-17/12.1.17 | 23996 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. |
| 36/17, 216/17 | വിവിധ വാർഡു കളിൽ ലൈൻ എക്സ്റ്റെൻഷൻ | KSEB | 40/16-17/24.3.17 | 680000 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. |
| | വിവിധ വാർഡു കളിൽ ലൈൻ എക്സ്റ്റെൻഷൻ | | 39/16-17/24.3.17 | 220000 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| 8/17, 293/17 | വിവിധ വാർഡു കളിൽ ലൈൻ എക്സ്റ്റെൻഷൻ | KSEB | 55/16-17/31.3.17 | 76300 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| | | | 56/16-17/31.3.17 | 149865 | പൂർത്തീകരണ റിപ്പോർട്ട്,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| | | | 60/16-17, 31.3.17 | 325000 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| | | | ചെക്ക് നം. 1492923/4.4.17 | 113200 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| | | | ചെക്ക് നം. 1492921/27.3.17 | 566800 | പൂർത്തീകരണ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല |
| 277/16-17 | എസ്. സി.എം.വി. യു.പി.എസ് - അടുക്കള വയറിംഗും നവീകരണവും- | ശ്രീ.സെബാസ്റ്റ്യൻ, പള്ളിക്കതയ്യിൽ | 57/16-17/31.3.17 | 25000 | കംപ്ലീഷൻ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട്, കൈപ്പറ്റ് രസീത് |
| 297/17 | ഐ.കെ.എം-ന് വിഹിതം നൽകൽ- | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ | 41/16-17/24.3.17 | 97175 | കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |

| | | |
|---|---|---|
| ആകെ | 2392986 | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ- അപാകതകൾ

പ്രോജക്ട് നമ്പർ. 298/16-17

പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ എന്ന പദ്ധതി പ്രകാരം പഞ്ചായത്തിന്റെ അഞ്ച് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിന് ചേർത്തല പൂർണ്ണ ക്രിയേഷൻസിന്റെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ച് ബിൽ നമ്പർ. 50/16-17, തീയതി.31.3.17 പ്രകാരം 74,895/- രൂപ നൽകിയിട്ടുണ്ട്. ഡോക്യുമെന്റേഷൻ തയ്യാറാക്കി സി.ഡി.ആയി സൂക്ഷിച്ചിരിക്കുകയാണ്. ആയത് പഞ്ചായത്തിന്റെ വെബ് സൈറ്റിൽ നാളിതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പൊതുജനങ്ങൾക്ക് പ്രാപ്യമാകുന്ന രീതിയിൽ ഡോക്യുമെന്റേഷൻ പ്രദർശനം നടത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഗ്രാമസഭാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - നാളിതുവരെ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം. S0129/17

അടങ്കൽ തുക – 813000/-

മേൽ പദ്ധതി പ്രകാരം ഗ്രാമസഭാ കേന്ദ്രങ്ങൾക്കായി താഴെപ്പറയുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളതായി കാണുന്നു.

1 .Desktop PC -13 Nos

2. Printer (Laser) - 13 Nos

3. UPS 600 -13 Nos

4. Computer Table -13 Nos

5. D Link WiFi ADSL Modem -13 Nos എന്നിങ്ങനെ 717080/- രൂപയുടെ ഉപകരണങ്ങൾ, Eon Digitech, Eranakulam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് നാളിതുവരെയായി ഗ്രാമസഭാ കേന്ദ്രങ്ങൾക്ക് നടത്തിയിട്ടില്ല. പ്രസ്തുത സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിൽ നം. 36/16-17/17.03.2017 – 7,00,000/-

ബിൽ നം. 34/16-17/17.03.2017 – 17080/-

7,17,080/-

## 3-6 തുല്യത പഠനം - പണം ചെലവ് ചെയ്തതിന് രേഖകളില്ല

പ്രോജക്ട് നം. S009/16-17

താഴെ പറയുന്ന ബില്ല് പ്രകാരം തുല്യത വിദ്യാഭ്യാസം പദ്ധതിക്കുവേണ്ടി 1,51,500/-രൂപ മാറിയിട്ടുണ്ട്.

| ക്രമ നം | ബില്ല് നമ്പരും തീയതിയും | കോഴ്സിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | 11/2016-17 16.3.17 | പത്താംതരം തുല്യത | 25 | 52500/- |
| 2 | 12/2016-17 16.3.17 | പ്ലസ്സ് 1 തുല്യത | 22 | 49500/- |
| 3 | 13/2016-17 16.3.17 | പ്ലസ്സ് 2 തുല്യത | 15 | 33200/- |

| | | | | |
|---|---|---|---|---|
| 4 | 14/2016-17 16.3.17 | പ്ലസ്സ് 2 തുല്യത | 7 | 16300/- |

മേൽ പറഞ്ഞ ബില്ലുകൾ മാറി സാക്ഷരത മിഷന് കൈമാറിയതിന്റെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ലാത്തതാണ്. കൂടാതെ ഗുണഭോക്താക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതായോ ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെയോ, പരീക്ഷകൾ എഴുതിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. അയതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവ് ചെയ്ത തുകയായ 151500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ബാലകൈരളി ഭക്ഷണ വിതരണം ക്രമപ്രകാരമല്ല

പ്രോജക്ട് നം. S0022/16-17, S0199/16-17(S.O)

ചെലവ് . 13,09,743/-

ബാലകൈരളി പദ്ധതിക്കുവേണ്ടി 11പേർക്ക് 3500/-രൂപയും 11പേർക്ക് 4500/-രൂപയും വീതം പ്രതിമാസം ഓണറേറിയം നൽകുന്നുണ്ട്. കൂടാതെ പഠിതാക്കളായ കുഞ്ഞുങ്ങൾക്ക് പാൽ, മുട്ട, ഏത്തപ്പഴം തുടങ്ങിയവയും നൽകുന്നുണ്ട്. എന്നാൽ ഓരോ ബാലകൈരളിയിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം, പ്രതിദിനം അവർക്കു നൽകുന്ന പാല്, മുട്ട, ഏത്തപ്പഴം എന്നിവയുടെ അളവ്, വിതരണം നടത്തിയ രജിസ്റ്റർ, പഠിതാക്കളുടെ ഹാജർ പുസ്തകം തുടങ്ങിയവ പരിശോധിച്ചതിൽ പല ബാലകൈരളികളും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പാൽ, മുട്ട, ഏത്തപ്പഴം എന്നിവ വാങ്ങുന്നില്ലയെന്നും വിതരണം ക്രമപ്രകാരമല്ല നടക്കുന്നതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ വാങ്ങലുകളും വിതരണവും ക്രമപ്രകാരം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. ബിൽ – 3/16-17 /27.12.16 – 654500
2. ബിൽ – 4/16-17/27.12.16 – 158230
3. ബിൽ – 8/16-17/16.03.17 – 179500
4.ബിൽ – 9/16-17/16.03.17 – 80460
5. ബിൽ – 16/16-17/31.03.17 – 67053
6. ബിൽ – 17/16-17/31.03.17 – 153840
7. ബിൽ – 18/16-17/31.03.17 – 16160

ആകെ – 1309743

## 3-8 എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി - തനത് ഫണ്ടിലേക്ക് അനുവദിച്ച സബ്സിഡി തുക പൂർണ്ണമായി വിനിയോഗിച്ചില്ല

എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയ്ക്ക് ഭവന നിർമ്മാണ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകിയ ഇനത്തിൽ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന് 12.11.12ൽ 14 ഗുണഭോക്താകൾക്ക് 75000/-രൂപ വീതം 10,50,000/-രൂപ അനുവദിച്ചിട്ടുള്ളതാണ്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ടി തുകയിൽ നാളിതുവരെ ആകെ 6,97,500/-രൂപ ചെലവ് ചെയ്തിട്ടുണ്ടെന്നും 3,52,500/-രൂപ ബാക്കിയുള്ളതായും അറിയിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ട് അഞ്ചുകൊല്ലമായിട്ടും തുക പൂർണ്ണമായി ചെലവ് നടത്താത്തതിന്റെ കാരണം വ്യക്തമല്ല. ആയതിനാൽ പദ്ധതിയ്ക്ക് അനുവദിച്ച സബ്സിഡി തുക ഉടൻ വിനിയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം തിരിച്ചടക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വെള്ളക്കരം കുടിശ്ശിക ബാധ്യത ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 1270 പൊതു ടാപ്പുകൾക്ക് പ്രതിമാസം 555625 രൂപ പ്രകാരം വെള്ളക്കരം കൃത്യമായി പഞ്ചായത്തിൽ നിന്നും ഒടുക്കിവരുന്നുണ്ട്. എന്നാൽ വാട്ടർ അതോറിട്ടിയുടെ 3/2017 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശിക 1,05,52,595 രൂപയാണ്. എന്നാൽ ഗ്രാന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ള തുക മുഴുവൻ കുടിശികയിനത്തിൽ വരവ് വെച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വാട്ടർ അതോറിട്ടിയിൽ നിന്നും വ്യക്തതവരുത്തിയിട്ടുള്ളതായി കാണുന്നില്ല. അതുപോലെ നിലവിൽ പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഈടാക്കിയ തുക |
|---|---|
| 2010-11 | 498635 (പൊതു വിഭാഗം) |
| 2010-11 | 533000 (റോഡിതരം) |
| 2011-12 | 924700 (പൊതു വിഭാഗം) |
| 2011-12 | 554440 |
| ആകെ | 2510775 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-10 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം.117/16-17

പ്രോജക്ടിന്റെ പേര് . PMAY ഭവന പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം)

അടങ്കൽ . 910359/-

ചെലവ്. 910359/-

ബിൽ നം. 5/2016-17തീയതി. 27/2/2017പ്രകാരം മേൽ തുക ട്രഷറിയിൽ നിന്ന് മാറി ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിക്കുന്ന മുറയ്ക്ക് ഫയലിൽ ചേർക്കുന്നതാണെന്ന് വ്യക്തമാക്കി. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-11 പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം. 79/17

അടങ്കൽ . 8,50,000/-

ചെലവ് . 6,73,407/-

29.8.2017ലെ ബില്ല് നം. 10/2016-17 പ്രകാരം 4,27,160/-രൂപ മാറിയതിൽ 2,00,000/- രൂപ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും 2,00,000/-രൂപ പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. ഈ തുക കൈപ്പറ്റിയതായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർവ്വീസ് കോർപ്പറേഷൻ 30.3.17 ൽ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകളോ ഉപകരണങ്ങളോ ലഭിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പാലിയേറ്റീവ് കെയറിനുവേണ്ടി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവ് ചെയ്ത തുകയായ 4,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പാലിയേറ്റീവ് കെയർ പരിചരണം നേരത്തേ അവസാനിപ്പിക്കുന്നു

പാലിയേറ്റീവ് കെയർ വാഹനത്തിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത് 8-9-2016 – ൽ മാത്രമാണ്. എത്ര കിലോമീറ്റർ ഒരു ദിവസം ഓടണമെന്നോ എത്ര മണിക്കൂർ ഓടണമെന്നോ കിലോമീറ്ററിന് എത്ര രൂപ നൽകുമെന്നോ ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല. ചില മാസങ്ങളിൽ 800/- രൂപ നിരക്കിലും ചിലമാസങ്ങളിൽ 770/- രൂപ നിരക്കിലുമാണ് ഒരു ദിവസത്തെ ഹോം വിസിറ്റിന് നൽകിയിരിക്കുന്നത്. ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം പരമാവധി 20 കിലോമീറ്ററാണ് ഒരു ദിവസത്തെ ഹോം വിസിറ്റിന് വേണ്ടി വാഹനം ഓടിയിട്ടുള്ളത്. കൂടാതെ ഹോം വിസിറ്റ് രജിസ്റ്റർ പ്രകാരം 10.30 ന് തുടങ്ങി 3 മണിയ്ക്ക് അവസാനിക്കുന്ന രീതിയിലാണ് ഹോം വിസിറ്റ് നടത്തുന്നത്. ഒരു ദിവസം 8 കിടപ്പ് രോഗികളെയാണ് പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ പരിശോധിക്കുന്നത്. മാർഗ്ഗനിർദ്ദേശപ്രകാരം ഒരു ദിവസത്തെ ഹോം വിസിറ്റിന് 24 മുതൽ 34 കിലോമീറ്റർ ഓടുന്ന വാഹനത്തിനുവേണ്ടി 800/-രൂപ നൽകാവുന്നതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണവും പദ്ധതി നടപ്പാക്കിയതിന്റെ കാരണവും

അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവർ സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനം ഓടിക്കുന്നയാളാണെന്നും ആയതിനാൽ പത്ത് മണി മുതൽ മൂന്ന് മണി വരെ പാലിയേറ്റീവിനവേണ്ടി ഓട്ടുവാൻ സാധിക്കുകയുള്ളൂയെന്നും വ്യക്തമായിട്ടുണ്ട്. കുറഞ്ഞ സമയം മാത്രം പ്രവർത്തിക്കുന്നതിനാൽ 23 വാർഡുകളിലെ രോഗികളെ ശരിയായ വിധം പരിശോധിക്കുവാൻ സാധിക്കാതെ വരുകയും മാർഗ്ഗനിർദ്ദേശത്തിൽ പറയുന്ന 9 മണി മുതൽ 4 മണി വരെ പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല കൂടാതെ മാർഗ്ഗനിർദ്ദേശപ്രകാരം പറയുന്ന കിലോമീറ്റർ വാഹനം ഓടാതെ വരുകയും ചെയ്യുന്നു. പാലിയേറ്റീവ് പദ്ധതിക്കുവേണ്ടി മുഴുവൻ സമയം പ്രവർത്തിക്കുന്ന ഡ്രൈവറെ കണ്ടെത്തുകയും രോഗികൾക്ക് മതിയായ പരിചരണം ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 ക്യാൻസർ നിർണ്ണയ പരിപാടി - പദ്ധതിയുടെ ലക്ഷ്യം നടപ്പിലായില്ല

പ്രോജക്റ്റ് നം. S0084/17

അടങ്കൽ . 1,00,000/-

ചെലവ്. 95,414/-

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ നടത്തിയ ക്യാൻസർരോഗ നിർണ്ണയ പരിപാടിയിൽ പദ്ധതിയുടെ യഥാർത്ഥ ഭൗതിക ലക്ഷ്യമായ ക്യാൻസർ നിർണ്ണയത്തിനായി ചെലവഴിച്ചതിലും വലിയ തുകയാണ് പങ്കെടുത്തവർക്ക് ഭക്ഷണവും, ചായയും ലഘുഭക്ഷണവും, പന്തൽ, ബാനർ, സർവേ, നോട്ടിസ്, എന്നിങ്ങനെ വിവിധ അനുബന്ധകാര്യങ്ങൾക്കായി ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിയിൽ ആകെ ചെലവഴിച്ച 95414/-രൂപയിൽ 81,294/-രൂപയും അനുബന്ധചെലവുകളാണ് നടത്തിയിട്ടുള്ളത്. പദ്ധതി തുക ചെലവഴിക്കുന്നതല്ലാതെ പദ്ധതി നടത്തിപ്പ് മോണിറ്ററിംഗിന് വിധേയമാക്കുന്നതിനോ പരിശോധന ഫലങ്ങൾ യഥാസമയം ശേഖരിച്ച് തുടർ നടപടികൾ എടുത്തതിനോ, ഫയലിൽ രേഖകളില്ല.

<u>അനുബന്ധ ചെലവുകൾ</u>

| | |
|---|---|
| 1. ഭക്ഷണം | 9,000/- |
| 2.നോട്ടീസ്, ലഘുലേഖ | 20,000/- |
| 3.വാളന്റിയേഴസ് ഇൻസെന്റീവ് | 23,000/- |
| 4.ബാനർ | 5,000/- |
| 5. ഓർഗനൈസേഷൻ ചെലവ്. | 6,000/- |
| 6. ക്യാൻസർ ക്യാമ്പുകൾക്ക് ടർക്കി | 504/- |
| 7. ഹാൻഡ് വാഷ് & പേപ്പർ | 960/- |
| 8. മറ്റ് ചെലവ് | 13,000/- |
| 9. ലൈറ്റ് & ടാർപ്പോളിൻ | 2,500/- |
| ആകെ | 81294/- |

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിപാടി ലക്ഷ്യം നിറവേറ്റുന്നതിനുപകരം മേൽ ചെലവുകൾക്കാണ് പണം കൂടുതലായി ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ അനുബന്ധ ചെലവുകൾക്ക് കൂടുതലായി പണം ചെലവഴിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-14 ജീവിതശൈലി രോഗനിയന്ത്രണം-മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റ് നം. S0081/17

അടങ്കൽ . 200000/-

ചെലവ്. 200000/-

ജീവിതശൈലി രോഗനിയന്ത്രണത്തിന് വികസനഫണ്ടിൽ നിന്ന് 8/3/17-ാം തീയതിയിലെ 9/2016-17 ാം നമ്പർ ബിൽ പ്രകാരം 2,00,000 രൂപ മാറിയതിൽ 195000/-രൂപ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ്

കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. ആയതിന് 18.3.17ൽ KMSC Ltd കൈപ്പറ്റ് ലഭ്യമാക്കിയിട്ടുള്ളതാണ്. മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ ചികിത്സാ കാർഡ് (NCD കാർഡ്) നിർമ്മിക്കുന്നതിന് 5000/-രൂപ ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. കാർഡ് അച്ചടിച്ച് ലഭ്യമാക്കിയിട്ടുണ്ടോയെന്നും, ആയത് സ്റ്റോക്കിലെടുത്ത് രോഗികൾക്ക് വിതരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവ് നടത്തിയ തുകയായ 2,00,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-15 വാർഡുതല സാനിട്ടേഷൻ സമിതി മുഖേന പകർച്ചപനി പ്രതിരോധപ്രവർത്തനങ്ങൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. S.0080/17

അടങ്കൽ . 115000/-

ചെലവ്. 115000/-

ബിൽ നം. 6/2016-17 തീ. 22.12.16

മേൽ പറഞ്ഞ പദ്ധതിക്കുവേണ്ടി 23 വാർഡുകളിലെ സാനിട്ടേഷൻ സമിതികൾക്ക് 5000/-രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ 8.6.16 ലെ 251/16-17-ാം നമ്പർ (ചെക്ക് നം.1567443/8.6.16) വൗച്ചർ പ്രകാരം മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി 2,30,000/-രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവുരേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 16 വാർഡുകളിലെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. ആയതിനാൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത ബാക്കി 7 വാർഡുകളിലെ ചെലവ് തുകയായ 1,05,000/-(7 x 15000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

എ)പ്രോജക്ട് നം. S0029/16-17, പ്രോജക്ട് നം. S0283/16-17

പേര് . ആയുർവേദാശുപത്രിക്ക് മരുന്നുവാങ്ങൽ

അടങ്കൽ . 9,50,000/-

ചെലവ് . 9,50,000/-

23/11/2016 തീയതിയിലെ 2/16-17-ാം ബില്ല് പ്രകാരം 5,50,000/-രൂപയും 29/3/2017-ാം തീയതിയിലെ 4/2016-17-ാം നമ്പർ ബില്ല് പ്രകാരം 4,00,000/-രൂപയും ഉൾപ്പെടെ 9,50,000/- രൂപ മരുന്ന് വാങ്ങുന്നതിന് ഔഷധിയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ 6,54,811/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 2,95,189/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിന്നും വകുപ്പിൽ നിന്നും മരുന്നുകൾ ലഭ്യമല്ലായെന്ന് കാണിക്കുന്ന നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ആയത് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2,95,189/-രൂപയുടെ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) പ്രോജക്ട് നം. S0031/16-17, പ്രോജക്ട് നം. S0282/16-17

പ്രോജക്ടിന്റെ പേര് . ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ

അടങ്കൽ .3,80,000/-

ചെലവ് . 3,80,000/-

26.10.2016ലെ 1/16-17-ാം നമ്പർ ബിൽ പ്രകാരം 2,00,000/-രൂപയും 29.3.2017 ലെ 3/16-17-ാം നമ്പർ ബിൽ പ്രകാരം 1,80,000/-രൂപയും ഉൾപ്പെടെ 3,80,000/-രൂപ മരുന്ന് നൽകുന്നതിന് ഹോംകോ ആലപ്പുഴയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ 2,00,000/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഹോംകോയിൽ നിന്ന് ലഭിച്ചിട്ടുള്ളത്. 1,80,000/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ മരുന്നുകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,80,000/-രൂപയുടെ മരുന്നുകൾ ലഭിക്കാത്ത

സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 മത്സ്യത്തൊഴിലാളികൾക്ക് വല- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാഴികൾക്ക് വല എന്ന പ്രോജക്ട് (നം.26/17) മുഖേന വികസന ഫണ്ടിൽ നിന്നും 3,90,000/- രൂപ വകയിരുത്തി 1,44,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 01/16-17/13.03.17- 66,000/-;

ബിൽ നം. 02/16-17/28.03.2017- 75,000/-; ബിൽ നം. 03/16-17/30.03.17- 3000/-).

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

12-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡിയുടെ ഉയർന്ന പരിധി വിലയുടെ 50 ശതമാനമോ അല്ലെങ്കിൽ 3000/- രൂപയോ ഇവയിൽ ഏതാണ് കുറവ് അത് നൽകാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾ ഹാജരാക്കിയ 3000/-രൂപ മുതൽ 4077/-രൂപ വരെ റേഞ്ചിൽ വരുന്ന ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്കെല്ലാവർക്കും (48 പേർ) 3000/- രൂപ വില വരുന്ന വല നൽകാൻ അർത്ഥുങ്കൽ മത്സ്യഫെഡ് വ്യാസാസ്റ്റോർ മാനേജർക്ക് ഇൻഡന്റ് നൽകുകയും ആയത് പ്രകാരം ഗുണഭോക്താക്കൾ വല കൈപ്പറ്റുകയുമാണുണ്ടായത്.

ജോസഫ് ലൂയിസ്, മാവേലിത്തയ്യിൽ എന്ന ഗുണഭോക്താവ് മാത്രമാണ് ഫോം നം. 8ബിയിലുള്ള റീടെയ്ൽ ഇൻവോയ്സ് ഹാജരാക്കിയിട്ടുള്ളത്.(നം. 2175/13.03.17- 3000/- രൂപ) ബാക്കിയുള്ള 47 ഗുണഭോക്താക്കളും ഇൻവോയ്സുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിന് (നം. 1/07.07.17) ന് ഗുണഭോക്താവ് 50% തുക വ്യാസാസ്റ്റോറിൽ അടച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് പദ്ധതിയിൽ വകയിരുത്തിയിരുന്ന 50 % തുക വ്യാസാസ്റ്റോറിന് നൽകുകയും അതിൻപ്രകാരം ഗുണഭോക്താവിന് വല ലഭ്യമായിട്ടുള്ളതാണെന്നും യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 6000/- ആയതിനാലാണ് 3000/- രൂപ സബ്സിഡി ഇനത്തിൽ നൽകിയതെന്നും 47പേരുടെ ക്യാഷ് ബിൽ വ്യാസാസ്റ്റോറിൽ നിന്നും ഹാജരാക്കുന്നതാണെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ ബിൽ നം. 01/16-17/13.03.17- 66,000/-;ബിൽ നം. 02/16-17/28.03.2017- 75,000/-; ബിൽ നം. 03/16-17/30.03.17- 3000/- പ്രകാരമുള്ള തുകകൾക്കനുസൃതമായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് വ്യാസാസ്റ്റോറിൽ നിന്നും 3 ഇൻവോയ്സുകൾ നൽകിയിട്ടുണ്ട്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള വലയുടെ സ്പെസിഫിക്കേഷനോടു കൂടിയ വ്യക്തിഗത ഇൻവോയ്സുകളാണ് ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുകയുടെ പേരിൽ വ്യാസാസ്റ്റോറിൽ നിന്നും പഞ്ചായത്തിന് നൽകിയിട്ടുള്ളത് (പഞ്ചായത്ത് നൽകുന്ന സബ്സിഡി തുകയുടെ വ്യക്തിഗത ഇൻവോയ്സുകൾ). ഇതിൽ നിന്നും ഇൻവോയ്സുകൾ ആധികാരിക രേഖയായി പരിഗണിക്കുവാൻ സാധിക്കുന്നതല്ലയെന്ന് വ്യക്തമാണ്. ആയതിനാൽ യഥാർത്ഥത്തിലുള്ള ക്യാഷ് ബില്ലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 47 പേർക്ക് നൽകിയ സബ്സിഡി തുക (47x 3000) 1,41,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 ഇ.എം.എസ്. ഭവന വായ്പാ തിരിച്ചടവിലെ കാലതാമസം-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ക്രമീകരിച്ചു

വികസന ഫണ്ടിൽ നിന്നും 3,71,525/- രൂപ വകയിരുത്തിയ ഇ.എം.എസ്. ഭവന പദ്ധതി വായ്പാ തിരിച്ചടവ് എന്ന പ്രോജക്ട് (പ്രോ. നം. 299/17) മുഖേന ബിൽ നം. 06/16-17 തീയതി: 27.03.17- പ്രകാരം 3,37,750/- രൂപയും ബിൽ നം. 08/16-17 തീയതി: 30.03.17 പ്രകാരം 33,775/- രൂപയും ഉൾപ്പെടെ ആകെ 3,71,525/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചെങ്കിലും ആയത് കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ഇ.എം.എസ്. വായ്പാ പാസ് ബുക്കിൽ (വായ്പാ അക്കൗണ്ട് നം. 7184) തിരിച്ചടവ് ഇനത്തിൽ വരവ് വെച്ചിരിക്കുന്നത് 08.05.2017 ന് മാത്രമാണ്. ഇ.എം.എസ്. വായ്പാ തിരിച്ചടവ് തുക ബാങ്കിൽ അടവാക്കുന്നതിന് കാലതാമസം ഉണ്ടായത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 30/15.07.17) ട്രഷറിയിൽ നിന്നും പ്രസ്തുത ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയതാണെന്നും ബാങ്ക് അധികാരികൾ തുകയുടെ കൈപ്പറ്റ് നൽകിയതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. തുക യഥാസമയം വായ്പാ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണമെന്ന ഓഡിറ്റ് നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥ ബാങ്കിനെ അറിയിക്കുകയും വായ്പാ തിരിച്ചടവിലെ കാലതാമസം ക്രമീകരിക്കുന്നതാണെന്നും ബാങ്കധികാരികൾ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്.

## 3-19 പദ്ധതി പണം ചെലവഴിക്കുന്നതിനു പകരം തനത് ഫണ്ട് ചെലവഴിച്ചു

പ്രോജക്റ്റ് നമ്പർ - 15/16-17

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പശുവളർത്തൽ (ജനറൽ) -പദ്ധതി പ്രകാരം 23 ഗുണഭോക്താക്കൾക്കായി ആകെ 23 പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ഒരു പശുവിന് 15000/- രൂപ നിരക്കിൽ പദ്ധതി പണത്തിൽ നിന്നും 3,45,000/- രൂപ ചെലവഴിക്കേണ്ടതായിരുന്നു. പദ്ധതിയനുസരിച്ച് മതിയായ തുക പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നതാണ്. എന്നാൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 337840/- രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

1. ബിൽ നമ്പർ.1/16-17/14.3.17 – 1,35,000

2. ബിൽ നമ്പർ.5/16-17/14.3.17 – 150000

3. ബിൽ നമ്പർ.9/16-17/31.3.17 – 52840

മേൽ സൂചിപ്പിച്ച വിധം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന 7160/- രൂപ തെറ്റായി തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 2064070/29.3.17 പ്രകാരം ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ആയത് തനത് ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 3-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ്നം. | പ്രോജക്റ്റിന്റെ പേര് | ബിൽ നമ്പർ | തുക | പരാമർശം |
|---|---|---|---|---|
| 13/17 | പ്രത്യേക കന്നുകുട്ടി പരിപാലനം | 8/16-17/31.3.17 | 375000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 132/17 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | ചെക്ക് നം. 1567481/12.1.17 | 200000 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| ആകെ | | | 575000 | |

## 3-21 ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി 2016-17 – ൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച താഴെ പറയുന്ന തുകകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ചെക്ക് നമ്പർ | തുക | തുക ആർക്ക് നൽകി എന്നത് |
|---|---|---|
| 04321/11.4.16 | 35000 | കെയ്കോ, അമ്പലപ്പുഴ |
| 043179/11.4.16 | 23400 | റെയ്ഡ്കോ, ആലപ്പുഴ |
| 04369/11.4.16 | 6750 | ഫ്ലോറാ ഗാർഡൻസ് |
| ആകെ | 65150 | |

ചെലവ് രേഖകളുടെ അഭാവത്തിൽ 65150/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 എലിക്കെണി - പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ

പ്രോജക്റ്റ് നമ്പർ. 68/16-17

എലിക്കെണി പദ്ധതി പ്രകാരം റെയ്ഡ്കോ, ആലപ്പുഴയിൽ നിന്നും 325 എലിക്കെണി 280/- രൂപ നിരക്കിൽ 91000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ആയതിന് 45500/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 ത.സ്വ.ഭ.വ 11.1.2016 പ്രകാരം പദ്ധതി പണം ഉപയോഗിച്ച് എലിക്കെണി വാങ്ങുന്നതിന് സബ്സിഡി അനുവദിക്കാവുന്നതല്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. 280 രൂപ നിരക്കിൽ 325 എലിക്കെണി വാങ്ങിയതിന് 91000/- രൂപ ചെലവാകുന്നതാണ്. എന്നാൽ 45500/- രൂപ നൽകിയതിന്റെ രസീത് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതമിനത്തിൽ 45500/- രൂപ ഒടുക്കിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. രജിസ്റ്റർ പ്രകാരം 47 ഗുണഭോക്താക്കളിൽ നിന്നും 70 രൂപ നിരക്കിൽ 3290/- രൂപ ഗുണഭോക്തൃ വിഹിതം സമാഹരിച്ചിട്ടുണ്ട്. ഈ തുക ഇപ്പോഴും തനത് ഫണ്ടിൽ തന്നെ നിക്ഷേപിച്ചിരിക്കുന്നു.

3. എലിക്കെണി വിതരണ രജിസ്റ്റർ പ്രകാരം 30 ഗുണഭോക്താക്കൾക്ക് മാത്രമേ എലിക്കെണി വിതരണം ചെയ്തിട്ടുള്ളൂ.

4.ഫയൽ പ്രകാരം ബാക്കി തുകയായ 45500 രൂപ നൽകാത്തതിനാൽ റെയ്ഡ്കോ 159 എലിക്കെണി തിരികെ എടുത്തുകൊണ്ട് പോയിട്ടുള്ളതായി കാണുന്നു. അതായത് മുഴുവൻ തുകയും പദ്ധതി പണത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം നാളിതുവരെ ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 45500/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ഈ പദ്ധതിക്കായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വിനിയോഗിക്കുന്നതിനോ അല്ലാത്തപക്ഷം തിരികെ നൽകുന്ന തിനോ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബിൽ നമ്പർ kbms3/16-17/ 24.3.2017 - 45500

## 3-23 ഇഞ്ചികൃഷി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ. 67/16-17

കൃഷി ഓഫീസർ നടപ്പിലാക്കിയ ഇഞ്ചികൃഷി വികസന പദ്ധതി പ്രകാരം കിലോഗ്രാമിന് 75 രൂപ നിരക്കിൽ 425 കിലോ ഇഞ്ചി വിത്ത് തിരുവനന്തപുരം കെയ്കോയിൽ നിന്ന് വാങ്ങിയതിന് 31875/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം നൽകിയിട്ടുണ്ട്. എന്നാൽ 425 കിലോഗ്രാം വിത്തുകളും ലഭിച്ചിട്ടില്ല. സ്റ്റോക്ക്/വിതരണ രജിസ്റ്റർ പ്രകാരം 234 കിലോഗ്രാം ഇഞ്ചി വിത്ത് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. കൃഷി ഓഫീസറുടെ നിർദ്ദേശാനുസരണം ടി സ്ഥാപനം വിവിധ വാർഡുകളിൽ വാർഡു മെമ്പർമാരുടെ വീടുകളിൽ വിവിധ അളവിൽ വിതരണത്തിനായി 234 കിലോഗ്രാം ഇഞ്ചി വിത്തുകൾ ഇറക്കിയിട്ടുള്ളതായാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇവ മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുള്ള അപേക്ഷകളിലൊന്നും തന്നെ കൃഷി ഓഫീസറുടേയോ/അസിസ്റ്റന്റിന്റേയോ സാക്ഷ്യപ്പെടുത്തലുകളോ ശുപാർശയോ രേഖപ്പെടുത്തിയിട്ടില്ല, ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 15 രൂപ നിരക്കിൽ സമാഹരിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പദ്ധതിക്കായി വിനിയോഗിച്ചിട്ടില്ല. 425 കിലോഗ്രാം വിത്തിനുള്ള തുക മുഴുവൻ കൈപ്പറ്റിയിട്ടും നാളിതുവരെ വിതരണം ചെയ്യാത്ത 191 കി.ഗ്രാം. (425-234) വിത്തിന്റെ വിലയായ 14325/- രൂപ കെയ്കോയിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതിക്കായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വിനിയോഗിക്കുന്നതിനോ അല്ലാത്തപക്ഷം തിരികെ നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

ബിൽ നമ്പർ kbms 4/16-17/ 24.3.2017 - 31875

## 3-24 ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ – 241/16-17

പദ്ധതി അടങ്കൽ – വികസന ഫണ്ട് - 232430

ഗുണഭോക്തൃവിഹിതം – 57370, ആകെ - 289800

കൃഷി ഓഫീസർ നടപ്പിലാക്കിയ ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷിപദ്ധതി പ്രകാരം വി.എഫ്.പി.സി.കെയിൽ നിന്നും 1.85kg വിവിധ വിത്തിനങ്ങൾ അടങ്ങിയ 103 കിറ്റിൽ ഒരു കിറ്റിന് 25 രൂപ നിരക്കിൽ ആകെ 2575/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ ജൈവവളം കുമ്മായം എന്നിവ യഥാക്രമം 1250 kg, 500 kg എന്നിങ്ങനെ വാങ്ങിയതിന് 29450/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി പൂജ അഗ്രി. ഡിസ്ട്രിബ്യൂട്ടേഴ്സ്, വേളൂർവട്ടം ചേർത്തല എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ വി.എഫ്.പി.സി.കെ-യുടെ കൈപ്പറ്റ് രസീത്, ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പൂജ അഗ്രി. ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 20.3.17ലെ 656 നമ്പർ കാഷ് ബിൽ പ്രകാരം താഴെ പറയുന്ന സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| വേപ്പിൻ പിണ്ണാക്ക് | 25 പായ്ക്കറ്റ്@900/ബാഗ് | 22500 |
| കുമ്മായം | 25 പായ്ക്കറ്റ്@278/ബാഗ് | 6950 |
| | ആകെ | 29450 |

മേൽ സൂചിപ്പിച്ച വിധം 50 കിലോഗ്രാം ഉള്ള 25 പാക്കറ്റ് വേപ്പിൻ പിണ്ണാക്ക് വാങ്ങിയതിൽ 10 ഗ്രൂപ്പുകൾക്കായി ആകെ 10 പാക്കറ്റ് മാത്രമേ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളൂ. കൂടാതെ കുമ്മായം 25 പാക്കറ്റ് വാങ്ങിയതിൽ 10 ഗ്രൂപ്പുകൾക്കായി ആകെ 10 പാക്കറ്റ് മാത്രമേ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളൂ.

103 കിറ്റ് വിത്തിനങ്ങൾ വാങ്ങിയതിൽ ഒരു ഗ്രൂപ്പിന് 2 കിറ്റ് വീതം ആകെ 10 ഗ്രൂപ്പുകൾക്കായി 20 കിറ്റ് വിത്തിനങ്ങൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. നാളിതുവരെ വിതരണം ചെയ്യാത്ത വേപ്പിൻ പിണ്ണാക്ക്, കുമ്മായം, എന്നിവ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച വിധം വിതരണം ചെയ്യാത്ത 15 പാക്കറ്റ് വേപ്പിൻ പിണ്ണാക്കിന്റെ വില (15x900), 13500 രൂപയും 15 പായ്ക്കറ്റ് കുമ്മായത്തിന്റെ വില (15x278), 4170/- രൂപയും ഉൾപ്പെടെ ആകെ 17670/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പച്ചക്കറി വിത്തിനങ്ങളുടെ ജെർമിനേഷൻ കാലയളവ് വിളവെടുപ്പിന് ശേഷം 6 മാസക്കാലമാണെന്നിരിക്കെ നിലവിൽ വിതരണം ചെയ്യാത്തവ ഉപയോഗശൂന്യമായിട്ടുണ്ടെന്ന തിനാൽ, ആയവയ്ക്ക് ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. നാളിതുവരെ വിതരണം ചെയ്യാത്ത പച്ചക്കറി വിത്തിന്റെ വില (83x25), 2075/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽ നമ്പർ kbms 10/16-17/ 31.3.2017 - 32025

## 3-25 മഞ്ഞൾ കൃഷി വികസനം- പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പ്രോജക്ട് നമ്പർ. 71/16-17

കൃഷി ഓഫീസർ നടപ്പിലാക്കിയ മഞ്ഞൾ കൃഷി വികസന പദ്ധതി പ്രകാരം കിലോഗ്രാമിന് 48 രൂപ നിരക്കിൽ 562.5 കിലോ മഞ്ഞൾ വിത്ത് അമ്പലപ്പുഴ കെയ്ക്കോയിൽ നിന്ന് വാങ്ങിയതിന് 27000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം നൽകിയിട്ടുണ്ട്. എന്നാൽ കെയ്ക്കോയിൽനിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്റർ പ്രകാരം 123 പേർക്ക് 5 കിലോഗ്രാം നിരക്കിൽ 615 കിലോഗ്രാം വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന് അനുബന്ധമായ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 562.5 കിലോ മഞ്ഞൾ വിത്ത് വാങ്ങുകയും 615 കിലോഗ്രാം വിതരണം ചെയ്തതായുള്ള രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ഈ പദ്ധതിക്കായി 116 ഗുണഭോക്താക്കളിൽ നിന്നും 43.75 രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതമിനത്തിൽ സമാഹരിച്ച 5075/- രൂപ നാളിതുവരെ പദ്ധതിക്കായി വിനിയോഗിച്ചതായി കാണുന്നില്ല. ഈ പദ്ധതിക്കായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വിനിയോഗി ക്കുന്നതിനോ അല്ലാത്തപക്ഷം തിരികെ നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കാതെയിരിക്കുന്നതിനാലും ഗുണഭോക്തൃ വിഹിതമായി സമാഹരിക്കുന്ന തുകകൾ വിനിയോഗിക്കപ്പെടാതെ പോകുന്നതിനാലും കാർഷിക മേഖലയിൽ പഞ്ചായത്തിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതെ വരുന്നതിനാൽ ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച സമഗ്ര അന്വേഷണത്തിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബിൽ നമ്പർ kbms 6/16-17/ 28.3.2017 - 27000

## 3-26 ചെറുപയർ കൃഷി- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ – 70/16-17

പദ്ധതി അടങ്കൽ - വികസന ഫണ്ട് - 16800

ഗുണഭോക്തൃവിഹിതം- 4200, ആകെ - 21000

കൃഷി ഓഫീസർ നടപ്പിലാക്കിയ ചെറുപയർ കൃഷി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 168kg ചെറുപയർ വിത്ത്, കിലോഗ്രാമിന് 100 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിന് കണ്ണൂർ റെയ്ഡ്കോയ്ക്ക് 16800/-രൂപ ബിൽ നമ്പർ. 7/16-17/28.3.2017 പ്രകാരം അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ

റെയ്ഡ്കോ ചെറുപയർ വിത്ത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതിക്കായി 39 ഗുണഭോക്താക്കളിൽ നിന്നും 22 രൂപ നിരക്കിൽ ആകെ 858 രൂപ സമാഹരിച്ച് പഞ്ചായത്ത്ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഈ തുകയും വിനിയോഗിച്ചതായി കാണുന്നില്ല. നാളിതുവരെ വിത്ത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് നിരാകരിക്കുന്നു. ഈ പദ്ധതിക്കായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വിനിയോഗിക്കുന്നതിനോ അല്ലാത്തപക്ഷം തിരികെ നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബിൽ നമ്പർ kbms 7/16-17/ 28.3.2017 - 16800

## 3-27 കൃഷി ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - ഉയർന്ന നിരക്ക് നൽകിയതുമൂലം അധിക ചെലവ്

പ്രോജക്ട് നമ്പർ – 290/16-17

കൃഷി ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - പദ്ധതി പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഒരേ സ്ഥാപനം തന്നെ രണ്ട് ക്വട്ടേഷനുകൾ സമർപ്പിക്കുകയും അതിൽ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. റിയൽ കമ്പ്യൂട്ടേഴ്സ് ആലപ്പുഴ എന്ന സ്ഥാപനം ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾക്ക് രണ്ട് തീയതികളിൽ ലഭ്യമാക്കിയ ക്വട്ടേഷനുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 7.2.17ലെ കോട്ട് ചെയ്ത നിരക്ക് | 22.2.17ലെ കോട്ട് ചെയ്ത നിരക്ക് | അധികം |
|---|---|---|---|
| കമ്പ്യൂട്ടർ ICDual core/4gb/320gb 19"monitor | 21500 | 23000 | 1500 |
| Laptop QC/4gb/500gbhd graphics Asus | 21500 | 23500 | 2000 |
| Computer table | 1400 | 1900 | 500 |
| Pendrive 16gb | 350x4 | 380x4 | 120 |
| ആകെ | | | 4120 |

മേൽ സൂചിപ്പിച്ച വിധം സ്പെസിഫിക്കേഷനിൽ യാതൊരു വ്യത്യാസവുമില്ലാതെ ഒരേ സ്ഥാപനം തന്നെ നൽകിയ ക്വട്ടേഷനുകളിൽ ഉയർന്ന നിരക്ക് നൽകിയതുമൂലം കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിൽ 4120/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബിൽ നമ്പർ kbms1/16-17/ 21.3.2017 - 65000

## 3-28 വനിതാ റിസോഴ്സ് സെന്റർ കൗൺസിലർക്ക് ഓണറേറിയം ഇനത്തിൽ അധിക തുക നൽകി

പ്രോ.നം.:44/17

അടങ്കൽ: 20,000/-(ത.ഫ)

ചെലവ്: 20,000/-(ചെക്ക്.നം. 1567493/14.03.17-10,000/- ചെക്ക് .നം. 2064069/19.03.17-10,000/-)

ജാഗ്രതാ സമിതി കൗൺസിലർ 02.02.2017-ൽ നിയമിതയായതിനെ തുടർന്ന് ടിയാൾക്ക് പ്രതിമാസം 10000/- രൂപ ഓണറേറിയം ആയി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ജാഗ്രതാ സമിതി കൺവീനർക്ക് അർഹമായ ഓണറേറിയം പ്രതിമാസം 7500/- രൂപ മാത്രമാണ്. അപാകതയിന്മേൽ വിശദീകരണമാരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 14/14.07.17)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ അധികം നൽകിയ തുകയായ 5000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-29 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. :120/17 (യോഗ പരിശീലനം)

അടങ്കൽ: 2,00,000/-(വികസന ഫണ്ട്)

ചെലവ്: 26,600/- (1ബിൽ നം. 19/16-17/17.03.2017 –13,000/-;

2.ബിൽ നം. 30/16-17/31.03.2017- 13,600/-)

വൃദ്ധജനങ്ങൾ, ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ ക്ഷേമം എന്ന ലക്ഷ്യം മുൻനിർത്തിയാണ് യോഗ പരിശീലനം എന്ന പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. 12-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനങ്ങൾക്ക് വിധേയമായി മാത്രമാണ് പരിശീലന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാവൂ എന്നാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് വികസന ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ഇപ്രകാരം അനുമതി ലഭിച്ചതായി കാണുന്നില്ല. ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (14/14.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 26,600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-30 സ്ത്രീ സൗഹൃദഗ്രാമം -യോഗ പരിശീലനം - സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് ചെലവ്

പ്രോജക്റ്റ് നം. : 45/17

അടങ്കൽ: 2,00,000/-(വികസന ഫണ്ട്)

ചെലവ്: 1,42,713/- (ബിൽ നം.06/16-17/ 24.11.16- 51,597/-)

ബിൽ നം.12/16-17/21.02.17- 77825/-)

ബിൽ നം.22/16-17/24.03.17- 11,691/-)

ബിൽ നം.29/16-17/31.03.17- 1,600/-)

- 22 സ്ത്രീ സൗഹൃദ ഗ്രാമകേന്ദ്രങ്ങളിൽ പത്രങ്ങൾ വിതരണം ചെയ്ത വകയിൽ 83113/- രൂപ അങ്കണവാടി വർക്കേഴ്സിന് നൽകിയിട്ടുണ്ട്. ആവർത്തന ചെലവ് വരുന്ന വരിസംഖ്യപോലുള്ള ഇനങ്ങൾക്ക് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് ചെയ്തിരിക്കുന്നു. ഇത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
- 59600/- രൂപ സ്ത്രീകൾക്കും കുട്ടികൾക്കും യോഗപരിശീലനം നടത്തിയ വകയിൽ ശ്രീ. വിവേകാനന്ദ യോഗ സെന്റർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് വികസന ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ ഇപ്രകാരം അനുമതി ലഭിച്ചതായി കാണുന്നില്ല. അതിനാൽ പ്രോജക്റ്റ് മുഖേന വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 59,600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.(അപാകതയിന്മേലുള്ള ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-31 വൃദ്ധർക്ക് കട്ടിൽ- പ്രോജക്റ്റിലെ അപാകതകൾ

പ്രോ.നം. :284/17

അടങ്കൽ: 1,75,000/-(വി.ഫ.)

ചെലവ്: 1,72,000/- (ബിൽ നം. 27/16-17/31.03.2017 )

12-ാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖയിലെ ഖ7.4 -ലെ നിബന്ധന പ്രകാരം വികസന ഫണ്ട് ഉപയോഗിച്ച് വൃദ്ധർക്ക് കട്ടിൽ അനുവദനീയമല്ല എന്നു വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും സ.ഉ.(സാധാ)നം. 50/2017/തസ്വഭവ തീയതി:07.01.2017 ഉത്തരവ് പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് എസ്.സി.പി./റ്റി.എസ്.പി ഫണ്ടുപയോഗിച്ച് കട്ടിൽ വാങ്ങി നൽകാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ആനുകൂല്യം ലഭിച്ച 50 പേരും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരല്ല. സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെ പൊതു വിഭാഗത്തിൽപെട്ടവർക്ക് അനുകൂല്യം നൽകിയതായി കാണുന്നു. കൂടാതെ അംഗീകൃത

ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഗ്രാമസഭ കൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായും കാണുന്നില്ല. പഞ്ചായത്തിലെ ഏറ്റവും അർഹരായവരെ കണ്ടെത്തുന്നതിനു പകരം വാർഡടിസ്ഥാനത്തിൽ വീതം വെച്ച് നൽകിയതായി കാണുന്നു. അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 14/14.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുക 1,72,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-32 സ്കോളർഷിപ്പ് തുകകൾ പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല

പ്രോജക്ട് നം. :51/17 (മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്)

അടങ്കൽ: 9,91,600/-(വി.ഫ.)556600/-;ബ്ലോക്ക് വിഹിതം 217500/- ജില്ലാ പഞ്ചായത്ത് വിഹിതം 217500/-)

ചെലവ്: 9,63,000/- (ബിൽ നം.07/16-17/27.12.2016- 5,00,000/-)

ബിൽ നം.32/16-17/ 31.03.17- 28000/-)

ചെക്ക് നം.2064067/ 29.03.17- 217500/-)

ചെക്ക് നം.2064076/ 12.04.17- 217500/-)

104 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി തുക പിൻവലിച്ചതിൽ അക്ഷയകുമാർ എസ്. (10-ാം ക്ലാസ് ) എന്ന വിദ്യാർത്ഥിയ്ക്ക് വിതരണം ചെയ്യേണ്ടതായ 4800/- രൂപ (3600+1200) നാളിതുവരെയായിട്ടും വിതരണം ചെയ്തതായി കാണുന്നില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ പ്ലാൻ അക്കൗണ്ട് പാസ് ബുക്കിൽ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സിവിൽസ്റ്റേഷൻ ബ്രാഞ്ച്, ആലപ്പുഴ) കുട്ടികളുടെ സ്കോളർഷിപ്പ് തുകകൾ അവരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ അക്കൗണ്ടിലേയ്ക്ക് തിരികെയെത്തിയതായും കാണുന്നു. (ഏകദേശം 51 ഇടപാടുകൾ. പാസ് ബുക്കിൽ ട്രാൻസാക്ഷൻ റഫറൻസ് നമ്പർ മാത്രം രേഖപ്പെടുത്തുന്നതിനാൽ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല). സ്കോളർഷിപ്പ് തുകകൾ യഥാസമയം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. സാങ്കേതിക തടസ്സമുള്ള സംഗതികളിൽ യുക്തി പൂർവ്വമായ പരിഹാരത്തിനായി പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-33 ഇ-ടെണ്ടർ -ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 81,660/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുള്ളത് കാണുക. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-34 ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധികച്ചെലവ്

2016-17 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. തൻവർഷം ടി പ്രവൃത്തികൾക്കായി കരാറുകാരനായ ശ്രീ.പി.എ.ജോർജ്ജ്കുട്ടി ഇപ്രകാരം ആകെ 20 ബാരൽ ടാറാണ് ഉപയോഗിച്ചിട്ടുള്ളത്. തൻമൂലം ഈയിനത്തിൽ 5000/- രൂപ കുറവാക്കിയതിനു ശേഷം മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ.

പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1) | പ്രോജക്ട് | പമ്പ് ഹൗസ് -ബീച്ച് റോഡിൽ നിന്നും ആറാട്ടുകുളങ്ങരയിലേയ്ക്കുള്ള റോഡ് ടാറിംഗ്- വാർഡ് 22<br>പ്രോ.നം. 139/17 |

| | | |
|---|---|---|
| | ചെലവ് തുക | 495659/- |
| | ബിൽനം./തീയതി | 08/16-17/23.11.17 |
| | ഉപയോഗിച്ച ടാറിന്റെ അളവ് | 1283.50 kg<br>(8 ബാരൽ) |
| | അളവ് പുസ്തകം | 144/15-16 |
| | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില | 2000/- |

| | | |
|---|---|---|
| 2) | പ്രോജക്ട് | മത്സ്യക്ലസ്റ്റർ കോളനി റോഡ് നിർമ്മാണവും നിലവിലുള്ള റോഡ് ടാറിംഗും- വാർഡ് 22<br>പ്രോ.നം. 261/17 |
| | ചെലവ് തുക | 7930/- |
| | ചെക്ക് നം./തീയതി | 2064072/31.03.17-7930/- |
| | ഉപയോഗിച്ച ടാറിന്റെ അളവ് | 1970.22 kg<br>(12ബാരൽ) |
| | അളവ് പുസ്തകം | 205/15-16 |
| | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില | 3000/- |

ക്രമ നം.1 ലെ ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിയതിനാൽ കരാറുകാരനിൽ നിന്നും കാലി വീപ്പ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ 2000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. രണ്ടാമത്തെ പ്രോജക്ടിന്റെ ഫൈനൽ ബിൽ സമർപ്പിക്കാത്ത സാഹചര്യത്തിൽ ടി ബില്ലിൽ നിന്നും 3000/- രൂപ ക്രമീകരിക്കേണ്ടതാണ്.

## 3-35 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ സപ്ലൈ ചെയ്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽസ് സപ്ലൈ ചെയ്തവരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

2016-17 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് പ്രവൃത്തികൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് കരാറുകാർക്ക് തുക അനുവദിച്ചിട്ടുണ്ട്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം ഈടാക്കേണ്ട ആദായനികുതി താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും റ്റി.ഡി.എസ്. ആയി കിഴിവ് ചെയ്തിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക | എഫ്റ്റിഒ നമ്പർ | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (1%) |
|---|---|---|---|---|
| 1 | മാറാനാഥാ ചർച്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -7 | 289192.19 | 461433/23-11-17 | 2891.92 |
| 2 | ലക്ഷം വീട് പാട്ടുകളം കോൺക്രീറ്റ് റോഡ് നിർമ്മാണം- വാർഡ് 14 | 133742.21 | 41131/23-11-17 | 1337.42 |
| 3 | റെയിൽവെസ്റ്റേഷൻ കോൺക്രീറ്റ് നടപ്പാത- വാർഡ് 2 | 195790.58 | 461436/23-11-17 | 1957.91 |
| 4 | മത്തിവെളി കോളനി കോൺക്രീറ്റ് റോഡ് വാർഡ് 2 | 290505 | 461435/23-11-17 | 2905.05 |

| | | | | |
|---|---|---|---|---|
| 5 | ജനനി-പാലച്ചിറ കോൺക്രീറ്റ് റോഡ്- വാർഡ് 17 | 295468.08 | 461432/23-11-17 | 2954.68 |
| 6 | അമലോത്ഭവ മാതാ -കുരിശ്ശുപുര കോൺക്രീറ്റ് റോഡ് വാർഡ് 15 | 322146.25 | 412775/23-11-17 | 3221.46 |
| 7 | ഹനുമൽക്ഷേത്രം -ചക്കങ്കൽ കോൺക്രീറ്റ് റോഡ് നിർമ്മാണം വാർഡ് 18 | 352195.75 | 503366/23-11-17 | 3521.96 |
| 8 | പ്രീതികുളങ്ങര- മന്നത്താൻ കോൺക്രീറ്റ് റോഡ് വാർഡ്-5 | 354880 | 503367/15-2-17 | 3548.8 |
| 9 | കൊട്ടുങ്ങേവെളി കോൺക്രീറ്റ് റോഡ് നിർമ്മാണം വാർഡ് -18 | 352117.75 | 243172/1-10-16 | 3521.18 |
| 10 | സർവ്വോദയപുരം മാർക്കറ്റ് റോഡ് കോൺക്രീറ്റ് റോഡ്- വാർഡ് 17 | 98533.61 | 279614/24-10-16 | 985.34 |
| 11 | കൃപാസനം വെസ്റ്റ് കോൺക്രീറ്റ് റോഡ് വാർഡ് - 4 | 176303.68 | 244089/23-11-17 | 1763.04 |
| 12 | കുന്നേൽ പാട്ടുകുളം കോൺക്രീറ്റ് റോഡ് വാർഡ് 13 | 213916.51 | 461434/24-10-16 | 2139.17 |
| 13 | എതോപ്യ കോൺക്രീറ്റ് റോഡ് - വാർഡ് 9 | 167587.38 | 461433/3-3-17 | 1675.87 |
| 14 | ഗ്യാലക്സി-പുളിച്ചുവട് കോൺക്രീറ്റ് റോഡ് വാർഡ് -15 | 300896.25 | 244083/23-11-17 | 3008.96 |
| | | | ആകെ | 35432.75 |
| 15 | ചെറിയ കലവൂർ-കണിച്ചുകാട് കോൺക്രീറ്റ് റോഡ് നിർമ്മാണം വാർഡ് 5 | 295649 | 244083/3-3-17 | 2956.49 |

ക്രമ നം. 1 മുതൽ 14 വരെയുള്ള പ്രവർത്തികളുടെ മെറ്റീരിയൽസ് സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. പി.ജി. ഗോപിനാഥനിൽ നിന്നും 35433/- രൂപയും ചെറിയ കലവൂർ-കണിച്ചുകാട് കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ.കെ.മനോജിൽ നിന്നും 2956/- രൂപയും ആദായ നികുതിയിനത്തിൽ (ആകെ 38389/- രൂപ) ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-36 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2043 പദ്ധതികളിലായി 7.148 കോടി രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തൻവർഷം 100 തൊഴിൽദിനം ലഭിച്ചത് 4.04% കുടുംബങ്ങൾക്ക് മാത്രമാണ്.

(1) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം(2016-17) രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 339 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7656 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 4997 |

| | |
|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4997 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 268173 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 202 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2016-17)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 2043 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2043 |
| തൻവർഷം പൂർത്തിയാക്കിയത് | 517 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 17 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 26.13% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | റോഡ് നിർമ്മാണ പ്രവൃത്തികൾ | 15 | 5225080 |
| 2 | വെള്ളപ്പൊക്ക നിവാരണം | 72 | 16152480 |
| 3 | വനവത്ക്കരണം | 34 | 6992000 |
| 4 | ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ്, ജല സംരക്ഷണം | 113 | 27600000 |
| 5 | ഭൂവികസനം | 67 | 13215665 |
| 6 | വ്യക്തിഗത ശുചിമുറി നിർമ്മാണം | 287 | 1285439 |
| 8 | കമ്പോസ്റ്റ് പിറ്റ് | 1400 | 9179800 |
| 9 | ഇഷ്ടിക നിർമ്മാണ യൂണിറ്റ് | 25 | 7500000 |
| 10 | സർക്കാർ ധനസഹായ ഭവനങ്ങൾക്ക് അവിദഗ്ധ തൊഴിൽ കൊടുക്കൽ | 30 | 648000 |
| | ഭരണചെലവ് | | 1720000 |
| | ആകെ | 2043 | 89518464 |

## 3-37 നടത്തപ്പെടാത്ത പദ്ധതിക്കായി ഗുണഭോക്തൃവിഹിതം സമാഹരിച്ചു

ഗ്രാമ പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് നൽകിയിട്ടുള്ള രസീത് ബുക്കുകൾ പരിശോധിച്ചതിൽ ഗ്രോബാഗ് വിതരണത്തിനായി ഗുണഭോക്താക്കളിൽ നിന്നും 121.50 രൂപ നിരക്കിൽ 374 പേരിൽ നിന്നും ആകെ 45441/- രൂപ സമാഹരിച്ച് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു പദ്ധതി നാളിതുവരെ നടത്തിയിട്ടില്ലാത്തതാണ്. അംഗീകാരം ലഭിച്ചിട്ടില്ലാത്തതും നടത്തപ്പെടാത്തതുമായ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം സമാഹരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരമൊരു പദ്ധതി നടത്തപ്പെടാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളിൽ നിന്ന് സമാഹരിച്ച തുക തിരികെ

നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-38 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

1. പ്രോജക്ട് നമ്പർ. 250/16-17

വിവിധ വാർഡുകളിൽ എൽ.ഇ.ഡി സ്ഥാപിക്കൽ - പദ്ധതിപ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കുണ്ടേലാറ്റ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 312 LED സെറ്റ് 2020/- രൂപ നിരക്കിൽ 630240/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്കാണ് ടി. സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും നൽകിയ സപ്ലൈ ഓർഡർ പ്രകാരം ടി ലൈറ്റുകൾ വിവിധ വാർഡുകളിൽ ലിസ്റ്റ് അനുസരിച്ച് ഏഴ് ദിവസത്തിനുള്ളിൽ സ്ഥാപിച്ച് വിവരം പഞ്ചായത്തിനെ അറിയിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി ലൈറ്റുകൾ സ്ഥാപിച്ചതിന്റേയോ കെ.എസ്.ഇ.ബി യ്ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകിയതിന്റേയോ വിവരം ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വാങ്ങിയ ലൈറ്റുകൾ ഇപ്പോഴും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ആയത് നാളിതുവരെ സ്ഥാപിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈറ്റുകൾ സ്ഥാപിച്ച് കെ.എസ്.ഇ.ബിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ 49/16-17/31.3.2017 – 630240

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. എ.സി.ആർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 8938946/- രൂപ വരവുണ്ട്. എന്നാൽ എ.എഫ്.എസ് പ്രകാരം 8783564 രൂപ മാത്രമാണ് വരവായി ചേർത്തിട്ടുള്ളത്. യഥാർത്ഥ വരവിനേക്കാൾ 155382/- രൂപ കുറവായാണ് എ.എഫ്.എസിൽ കാണിച്ചിട്ടുള്ളത്.
2. തൊഴിൽ രഹിത വേതനം ഇനത്തിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം യഥാർത്ഥ വരവ്/ചെലവ് 16,62,360 രൂപ മാത്രമാണ്. എന്നാൽ ഇത് എ.എഫ്.എസ് പ്രകാരം Rp7 ൽ 17,70,120രൂപ വരവുള്ളതായും ഷെഡ്യൂൾ I-6 പ്രകാരം 27,75,000 രൂപ ചെലവുള്ളതായും കാണിച്ചിരിക്കുന്നു. ബി-ഫണ്ട് വരവും ചെലവും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ യഥാർത്ഥ വരവിനേക്കാൾ 11,12,640/- രൂപ അധികമായിട്ടാണ് എ.എഫ്.എസിൽ ചേർത്തിട്ടുള്ളത്.
3. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷം തിരിച്ച്/ഇനം തിരിച്ച് എഴുതി സൂക്ഷിച്ചിട്ടില്ല, ബിഡ്ഷ്ലേഴ്സ് ഇ.എം.ഡി യഥാർത്ഥ വരവ് (735557), എ.എഫ്.എസ് പ്രകാരമുള്ള വരവ് (754808) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വരവിനേക്കാൾ 19251/- രൂപ കൂടുതലാണ് AFS ൽ രേഖപ്പെടുത്തിയിട്ടുള്ളത്.
4. വസ്തു നികുതിയുടെ ഡി.സി.ബി - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് ധനകാര്യ പത്രിക പ്രകാരമുള്ള ഡി,സി.ബിയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ- സാംഖ്യ മാപ്പിംഗ് പൂർത്തിയാക്കി വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
5. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് (EFMS ട്രാൻസാക്ഷൻ ഇല്ലാതെ) 4558908/- രൂപയാണ് യഥാർത്ഥ വരവ്. എന്നാൽ AFS പ്രകാരം 4666214/- രൂപയാണ്. കൂടാതെ EFMS ട്രാൻസാക്ഷൻ ഉൾപ്പെടെ ആകെ ചെലവ് ഷെഡ്യൂൾ I-6 പ്രകാരം 11165775/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥ ചെലവ് 89518464/- രൂപയാണ്. യഥാർത്ഥ ചെലവിനേക്കാൾ 7,83,52,689/- രൂപ കുറവായാണ് AFS ൽ രേഖപ്പെടുത്തിയിട്ടുള്ളത്.
6. ബി- ഫണ്ടിനത്തിൽ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം ഇനത്തിൽ യഥാർത്ഥ വരവുള്ള 570000/- രൂപ AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ഐ.സി.ഡി.എസ് സെൻട്രൽ ഫണ്ടിനത്തിൽ ചെലവഴിച്ചിട്ടുള്ള 869525/- രൂപയുടെ ചെലവ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. സ്ത്രീ സൗഹൃദ ഗ്രാമ പദ്ധതിയിൽ 96425/- രൂപയുടെ ചെലവ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക തൻവർഷം യഥാർത്ഥത്തിൽ ചെലവുണ്ടായിട്ടില്ല.
9. പ്രോജക്ട് നമ്പർ 71/17 പ്രകാരം 9000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക ചെലവഴിച്ചിട്ടില്ലാത്തതാണ്.
10. അസറ്റ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
11. പ്രോജക്ട് നമ്പർ 15/17 പ്രകാരം വികസനഫണ്ടിൽ നിന്നും 262160/- രൂപ ചെലവുള്ളതായി ചെലവു പത്രികയിൽ

ഉൾപ്പെടുത്തിയാണ് ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇപ്രകാരമൊരു ചെലവില്ലാത്തതാണ്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 680000 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 0 | 680000 |
| ജില്ലാപഞ്ചായത്ത് | 2016-17 | 217500 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 217500 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 217500 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 217500 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ബഡ്സ്സ്കൂൾ -കളി ഉപകരണം | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പാലിന് സബ്സിഡി | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിന് സബ്സിഡി | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | പാലിയേറ്റീവ് പരിചരണം | 00 | 150000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം. 216/17) | 39/16-17/ 24.03.2017 | 220000 | 0 | 220000 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം. 36/17) | 40/16-17/ 24.03.2017 | 680000 | 0 | 680000 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം. 293/17) | 55/16-17/ 31.03.17 | 76300 | 0 | 76300 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം. 293/17) | 56/16-17/ 31.03.17 | 149865 | 0 | 149865 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം. 36/17) | ചെക്ക് നം. 1492921/27.03.17 | 566800 (ജില്ലാ പഞ്ചായത്ത് വിഹിതം) | 0 | 566800 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കൽ- വാർഡ് 14 (പ്രോ.നം.08/17) | 60/16-17/ 31.03.17 | 325000 | 0 | 325000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ്നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(ആർടി) നം. 221/2010<br>ത.സ്വ.ഭ.വ, 21.1.2010 | 2,17,59,000 | 50,67,455 | 371525 | - | 4695930 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 & 2013-14 | 3-35 | 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 4-1-9 | ഉപയോഗിക്കാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും ചന്തകളും | നിലവിൽ പ്രവർത്തനക്ഷമമല്ല. ഉപയോഗ യോഗ്യമാക്കുന്നതിന് 2017-18 വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. |
| 2012-13 & 2013-14 | 3-36 | 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 4-3-2 | പെൻഷൻ രണ്ടുതവണ നൽകി | തുക തിരിച്ചടച്ചിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,92,86,370/- |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,94,17,295/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 45,504/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,48,020/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8687737/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(1)<br>(2) | 27404/-<br>(24278+3126) | | വി.വി.ബോബൻ,സെക്രട്ടറി<br>കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 2-2(1) | 1850/- | | 800/- ശ്രീ. വി.വി.ബോബൻ,സെക്രട്ടറി<br><br>1050/ -ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 2-2(3) | 16250/- | | ശ്രീ. വി.വി.ബോബൻ,സെക്രട്ടറി<br>ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 3-22 | | 45,500/- | ശ്രീമതി. ജിഷമോൾ.എം, കൃഷി ഓഫീസർ |
| 3-23 | | 14,325/- | ശ്രീമതി. ജിഷമോൾ.എം,കൃഷി ഓഫീസർ |
| 3-24 | | 2075/- | ശ്രീമതി. ജിഷമോൾ.എം,കൃഷി ഓഫീസർ |
| 3-26 | | 16,800/- | ശ്രീമതി. ജിഷമോൾ.എം,കൃഷി ഓഫീസർ |
| 3-27 | | 4,120/- | ശ്രീമതി. ജിഷമോൾ.എം,കൃഷി ഓഫീസർ |
| 3-28 | | 5,000/- | ശ്രീമതി. പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-30 | | 59,600/- | ശ്രീമതി.പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-32 | | 1,72,000/- | ശ്രീമതി.പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-34 | | 2,000/- | ശ്രീ.കീർത്തിമാധവ്.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-39 | | 26,600 | ശ്രീമതി.പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 45,504/- | 3,48,020/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,57,285/- | ശ്രീ.സാബുമോൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-2(1) | 12,48,750/- | ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |

| | | |
|---|---|---|
| 3-3 | 23,92,986/- | ശ്രീ. വി.വി.ബോബൻ,സെക്രട്ടറി(139646/-)<br>ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി(2253340/-)<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 3-4 | 74,895/- | ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 3-6 | 1,51,500/- | ശ്രീമതി.ബീമാബീവി എ.എ.,<br>പ്രധാന അധ്യാപിക,ഗവ. എൽ.പി.എസ്. |
| 3-10 | 9,10,359/- | ശ്രീ.സാബുമോൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-11 | 4,00,000/- | ശ്രീമതി. ആഷ.കെ.പി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-14 | 2,00,000/- | ശ്രീമതി. ആഷ.കെ.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-15 | 1,05,000/- | ഡോ.ആഷ.കെ.പി,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-16 എ & ബി | 475189/- | ഡോ. അനിതാകുമാരി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-17 | 1,41,000/- | ശ്രീമതി.സൂര്യ.പി.എസ്,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-20 | 5,75,000/- | ഡോ. രചന.ആർ,വെറ്ററിനറി സർജൻ |
| 3-21 | 65,150/- | ശ്രീമതി. ഇന്ദു.ബി,കൃഷി ഓഫീസർ |
| 3-24 | 17,670/- | ശ്രീമതി. ജിഷമോൾ.എം,കൃഷി ഓഫീസർ |
| 3-30 | 1,42,713/- | ശ്രീമതി. പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-38 | 630240 | ശ്രീ. കെ.സാബുമോൻ,അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| ആകെ | 86,87,737/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക:3-36 – 38,389/- രൂപ (ആദായനികുതി ഇനത്തിലെ നഷ്ടം)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.വി.ബോബൻ,സെക്രട്ടറി | വിരമിച്ചു | വെളിയിൽ<br>പാതിരപ്പള്ളി, ആലപ്പുഴ |
| ശ്രീ. കെ.സാബുമോൻ,<br>അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ,<br>കാട്ടൂർ.പി.ഒ, കലവൂർ | വടക്കെകോനാട്ട്<br>എസ്.എൽ.പുരം.പി.ഒ |
| ഡോ.ആഷ.കെ.പി,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | എ.എം.ഒ, ആർ.എച്ച്.റ്റി.സി,<br>ചെട്ടികാട്, പാതിരപ്പള്ളി | ഗൌരി ശങ്കരം<br>ഡി.പി.എ.ആർ.എ- 51<br>റ്റി.സി 96/2287<br>തുറവിക്കൽ.പി.ഒ<br>തിരുവനന്തപുരം-695011 |
| ഡോ.അനിതകുമാരി,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഹോമിയോ ഡിസ്പെൻസറി<br>സർവ്വോദയപുരം, കാട്ടൂർ.പി.ഒ | കണിമംഗലം<br>അവലൂക്കുന്ന്.പി.ഒ<br>ആലപ്പുഴ |
| ശ്രീമതി. ജിഷമോൾ.എം,<br>കൃഷി ഓഫീസർ | കൃഷി ഭവൻ,<br>മാരാരിക്കുളം തെക്ക്<br>കാട്ടൂർ | ജെ.എം. മൻസിൽ<br>ഗുരുപുരം ഈസ്റ്റ്<br>അവലൂകുന്ന്.പി,ഒ<br>ആലപ്പുഴ- 688006 |
| ശ്രീമതി. പി.ഡി.അന്നമ്മ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബ്ലോക്ക് പഞ്ചായത്ത്, ആര്യാട്, കലവൂർ.പി.ഒ | കുറുപ്പശ്ശേരി<br>കാഞ്ഞിരംചിറ വാർഡ്<br>ആലപ്പുഴ |
| ശ്രീ.കീർത്തിമാധവ്.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ,<br>കാട്ടൂർ.പി.ഒ, കലവൂർ | ശ്രീധാമം<br>തത്തംപള്ളി.പി.ഒ<br>ആലപ്പുഴ- 688013 |
| ശ്രീമതി.സൂര്യ.പി.എസ്,<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | മത്സ്യഭവൻ<br>മാരാരിക്കുളം തെക്ക്<br>കാട്ടൂർ | അരേശ്ശേരിൽ<br>അവലൂക്കുന്ന്.പി.ഒ<br>കൊറ്റംകുളങ്ങര, ആലപ്പുഴ |
| ഡോ. രചന.ആർ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി<br>മാരാരിക്കുളം തെക്ക്, കാട്ടൂർ | ശിവരാമസദനം<br>മാരാരിക്കുളം<br>നോർത്ത്.പി.ഒ, ആലപ്പുഴ |
| ശ്രീമതി.ബീമാബീവി എ.എ.,<br>പ്രധാന അധ്യാപിക,<br>ഗവ. യു.പി.എസ്. | എസ്.സി.എം.വി.യു.പി.എസ്,<br>ചെട്ടികാട്, പാതിരപ്പള്ളി | അനുരാഗ്,<br>മണ്ണഞ്ചേരി പി.ഒ,ആലപ്പുഴ |

| | | |
|---|---|---|
| ശ്രീമതി. മാള സുനിൽ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | എട്ടു കണ്ടത്തിൽ , നോർത്ത് ആര്യാട് ആലപ്പുഴ-688538 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്)<br>1998-99 (ചെലവ്)<br>2002-03 (ചെലവ്)<br>2003-04 (ചെലവ്)<br>2004-05 (ചെലവ്)<br>2005-06 (വരവ്) | എൽ എഫ് ജി എ 5- 1832 /11/21.01.12<br>ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2006-07 | എൽ എഫ് എ പി 9/257/10.08.10 |
| 2007-08 | എൽ എഫ് എ പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ എഫ് എ പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ എഫ് എ പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽ എഫ് എ പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽ എഫ് എ പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി-പി8-1515/16 / 31.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/പി8/962/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 25.07.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

.

.

No. KSA-ALP/P8-962/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 25.07.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mararikkulam South Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mararikkulam South Grama Panchayat for the year 2016-17 except the observations in para 4-1 of my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha.

## അനുബന്ധം-2

## ഇ-ടെണ്ടറുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൻവർഷം ടെണ്ടർ ഫീസ് ഇനത്തിൽ

## ലഭിക്കേണ്ട തുക (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്) യുടെ വിശദവിവരം

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | തുക | കോൺട്രാക്ടർ | ഇ.എം.ഡി | ടെൻഡർ ഫീ |
|---|---|---|---|---|---|---|
| 1 | 54 | ബാലകൈരളി റോഡ് ടാറിംഗ് ഘട്ടം 03 വാർഡ് 04 | 560000 | ജിതേന്ദ്, ക്ലുത്താക്കര | 14000 | 1260 |
| | | | | ശശി കണ്ണച്ചംകാവ് | 14000 | 1260 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 14000 | 1260 |
| 2 | 88 | സെന്റ് ആന്റണീസ് കുരിശുപുര – അമലോത്ഭവ മാതാ കുരിശുപുര റോഡ് മെയിന്റനൻസും ടാറിംഗും വാർഡ് 15 | 815000 | ജിതേന്ദ്, ക്ലുത്താക്കര | 20400 | 1790 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 20400 | 1790 |
| 3 | 90 | മാപ്പിള പറമ്പ് - കോതപറമ്പ് റോഡ് ടാറിംഗ് വാർഡ് 06 | 755000 | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 18900 | 1680 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 18900 | 1680 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 18900 | 1680 |
| 4 | 136 | കൊച്ചുമഠം - സെമിത്തേരി റോഡ് ടാറിംഗ് വാർഡ് 01,02,21 | 595000 | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 14900 | 1260 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 14900 | 1260 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 14900 | 1260 |
| 5 | 16 | ചെറിയ കലവൂർ -പോഴവേലിൽ റോഡ് ടാറിംഗ് - വാർഡ് 05 | 400000 | ജിതേന്ദ്, ക്ലുത്താക്കര | 10000 | 840 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 10000 | 840 |
| | | | | ശശി കണ്ണച്ചംകാവ് | 10000 | 840 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 10000 | 840 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 18 | അപ്പു പിള്ള റോഡ് ടാറിംഗ് വാർഡ് 09 | 356000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 0 | 0 |
| 7 | 37 | എസ്.സി.എം.വി. യു.പി.സ്കൂൾ ചുറ്റുമതിൽ നിർമ്മാണം വാർഡ് 11 | 500000 | മൈക്കൽ.എ.ജെ, വട്ടക്കാട്ടുശ്ശേരി | 12500 | 1050 |
| | | | | ജോസഫ്.ടി.ആർ, തൈവേലിക്കകത്ത് | 12500 | 1050 |
| 8 | 40 | വെറ്ററിനറി ആശുപത്രി മെയിന്റനൻസ് വാർഡ് 17 | 300000 | ഒന്നും ലഭിച്ചിട്ടില്ല | 0 | 0 |
| 9 | 42 | കാട്ടൂർ - പാലസ് റോഡ് നിർമ്മാണവും നിലവിലുള്ള മെറ്റൽ റോഡിന്റെ ടാറിംഗും വാർഡ് 22 | 400000 | ജിതേന്ദ്, ക്രുത്താക്കര | 9800 | 840 |
| | | | | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 9800 | 840 |
| 10 | 43 | അഞ്ജലി - മിൽമ റോഡ് ടാറിംഗ് വാർഡ് 08 | 396000 | ശശി കണ്ണച്ചംകാവ് | 9900 | 840 |
| | | | | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 9900 | 840 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 9900 | 840 |
| 11 | 93 | പുളിക്കൽ പത്തേഭാഗം റോഡ് ടാറിംഗ് വാർഡ് 11 | 400000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 0 | 0 |
| 12 | 94 | സോഷ്യോ ഇക്കണോമിക് - എസ്.എൻ.റോഡ് ടാറിംഗ് വാർഡ് 17 | 408000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 9500 | 840 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 9500 | 840 |
| 13 | 123 | ദാസപ്പൻപിള്ള – പാതിരാപ്പള്ളി മാർക്കറ്റ് റോഡ് ടാറിംഗ് ഘട്ടം 3 വാർഡ് - 9 | 300000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 0 | 0 |
| 14 | 128 | പടച്ചിറ – സർവ്വോദയപുരം റോഡ് ടാറിംഗ് വാർഡ് 07 | 300000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 0 | 0 |
| 15 | 38 | ടി.എം.പി.എൽ.പി.സ്കൂൾ മെയിന്റനൻസ് വാർഡ് 04 | 1233580 | ജോസഫ്.ടി.ആർ., തൈവേലിക്കകത്ത് | 30900 | 2630 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | | | ശശി കണ്ണച്ചംകാവ് | 30900 | 2630 |
| | | | | ഷാഹുൽ ഹമീദ്.പി.എ, ഖാദർ മൻസിൽ | 30900 | 2630 |
| | | | | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 30900 | 2630 |
| | | | | ആകെ | 441100 | 38040 |

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | തുക | കോൺട്രാക്ടർ | ഇ.എം.ഡി | ടെൻഡർ ഫീ |
|---|---|---|---|---|---|---|
| 1 | 18 | അപ്പപിള്ള റോഡ് ടാറിംഗ് വാർഡ് 09 | 356000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 8400 | 740 |
| | | | | ജിതേന്ദ്.കെ.ആർ, കുത്താക്കര ഹൗസ് | 8400 | 740 |
| 2 | 40 | വെറ്ററിനറി ആശുപത്രി, മെയിന്റനൻസ് വാർഡ് 12 | 300000 | ഒന്നും ലഭിച്ചിട്ടില്ല | 0 | 0 |
| 3 | 93 | പുളിക്കൽ- പത്തേഭാഗം റോഡ് ടാറിംഗ് വാർഡ് 11 | 400000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 10000 | 840 |
| 4 | 123 | ദാസപ്പൻപിള്ള -പാതിരപ്പള്ളി മാർക്കറ്റ് റോഡ് ടാറിംഗ് ഘട്ടം 3 വാർഡ് 9 | 300000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 8100 | 740 |
| | | | | ജിതേന്ദ്.കെ.ആർ, കുത്താക്കര ഹൗസ് | 8100 | 740 |
| 5 | 128 | പടച്ചിറ – സർവ്വോദയപുരം റോഡ് ടാറിംഗ് വാർഡ് 07 | 300000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 7500 | 630 |
| ആകെ | | | | | 50500 | 4430 |

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | തുക | കോൺട്രാക്ടർ | ഇ.എം.ഡി | ടെൻഡർ ഫീ |
|---|---|---|---|---|---|---|
| 1 | 41 | ഹോമിയോ ആശുപത്രി മെയിന്റനൻസ് വാർഡ് 17 | 569000 | ജിതേന്ദ്, കുത്താക്കര | 14300 | 1260 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കെ.അനഘശയൻ, ചിന്നക്കാരുപറമ്പ് | 14300 | 1260 |
| | | | | ദ്വിധീഷ് ദ്വിവേദി, കഴിക്കുഴിയിൽ | 14300 | 1260 |
| | | | | ഷാഹുൽ ഹമീദ്.പി.എ, ഖാദർ മൻസിൽ | 14300 | 1260 |
| | | | | മുഹമ്മദ് കുഞ്ഞ്, നൈന നൈനാസ് മൻസിൽ | 14300 | 1260 |
| | | | | കാപ്സ്കോൺ, ഇൻഫ്രാ.പ്രൈ.ലി. | 14300 | 1260 |
| 2 | 58 | കാട്ടൂർ കുരിശടി മുതൽ വടക്കോട്ട് റോഡ് ടാറിംഗ് വാർഡ് 19 | 550000 | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 13800 | 1160 |
| | | | | ജിതേന്ദ്, കുത്താക്കര | 13800 | 1160 |
| 3 | 87 | മങ്കടക്കാട് - മനേങ്കാട് റോഡ് ടാറിംഗ് വാർഡ് 21 | 550000 | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 13800 | 1160 |
| | | | | ജിതേന്ദ്, കുത്താക്കര | 13800 | 1160 |
| 4 | 92 | പ്രിയദർശിനി - ബീച്ച് റോഡിന്റെ റീടാറിംഗും ജനശക്തി റോഡിന്റെ ടാറിംഗും വാർഡ് 12 | 386000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 9700 | 840 |
| | | | | ബൈജു.വി, തിരുവിളക്കിൽ | 9700 | 840 |
| 5 | 103 | തോട്ടുങ്കൽ കോളനി റോഡ് ടാറിംഗ് വാർഡ് 20 | 450000 | ഒന്നും ലഭിച്ചിട്ടില്ല | 0 | 0 |
| 6 | 125 | കോർത്തുശ്ശേരി - ബീച്ച് റോഡ് റീ-ടാറിംഗ് വാർഡ് 23 | 350000 | ജോർജ്ജ്കുട്ടി, പള്ളിപ്പറമ്പിൽ | 8800 | 740 |
| | | | | ജിതേന്ദ്, കുത്താക്കര | 8800 | 740 |
| 7 | 127 | സർവ്വോദയപുരം മാർക്കറ്റ്, കെട്ടിട പുനരുദ്ധാരണം വാർഡ് 17 | 300000 | ഷാഹുൽ ഹമീദ്.പി.എ, ഖാദർ മൻസിൽ | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 149 | ഹോമിയോ ഹോസ്പിറ്റൽ ചുറ്റുമതിൽ നിർമ്മാണം വാർഡ് 17 | 400000 | കാപ്പ്കോൺ ഇൻഫ്രാ പ്രൈ.ലി. | 0 | 0 |
| 9 | 249 | ചേലയ്ക്കാപ്പള്ളി - റെയിൽവേ സ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗ് | 350000 | ശശി, കണ്ണച്ചംകാവ്, | 8800 | 740 |
| | | | | ജോർജ്കുട്ടി, പള്ളിപ്പറമ്പിൽ | 8800 | 740 |
| | | | | കാപ്പ്കോൺ, ഇൻഫ്രാ.പ്രൈ.ലി. | 8800 | 740 |
| 10 | 253 | കോയിക്കൽ നികർത്തിൽ റോഡ് | 450000 | ജോർജ്കുട്ടി, പള്ളിപ്പറമ്പിൽ | 11300 | 950 |
| | | | | ജിതേന്ദ്, കുത്താക്കര | 11300 | 950 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 11300 | 950 |
| 11 | 255 | ലിയോൺപിള്ള ബ്ലൂസ്റ്റാർ റോഡ് ടാറിംഗ് | 350000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 8800 | 740 |
| | | | | ബൈജു.വി, തിരുവിളക്കിൽ | 8800 | 740 |
| 12 | 256 | വി & വി പഞ്ചായത്ത് റോഡ് ടാറിംഗ് | 200000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 5000 | 530 |
| | | | | ബൈജു.വി, തിരുവിളക്കിൽ | 5000 | 530 |
| 13 | 257 | ഓമനപ്പുഴ ചർച്ച് അമലോത്ഭവ മാതാ കുരിശുപുര റോഡ് ടാറിംഗ് | 400000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 10000 | 840 |
| | | | | ബൈജു.വി, തിരുവിളക്കിൽ | 10000 | 840 |
| 14 | 258 | ഹോംകോ റോഡ് റീടാറിംഗ് | 236000 | സിബി ഫ്രാൻസിസ്, പുത്തൻപുരക്കൽ | 5900 | 530 |
| | | | | ബൈജു.വി, | 5900 | 530 |

| | | | | | | |
|---|---|---|---|---|---|---|
| | | | | തിരുവിളക്കിൽ | | |
| 15 | 259 | കവിത ജംഗ്ഷന് മാടയിൽ റോഡ് റീടാറിംഗ് | 395000 | ജോർജ്കുട്ടി, പള്ളിപ്പറമ്പിൽ | 9900 | 840 |
| | | | | ജിതേന്ദ്, ക്ലത്താക്കര | 9900 | 840 |
| 16 | 261 | മത്സ്യക്ലസ്റ്റർ കോളനി റോഡ് നിർമ്മാണവും നിലവിലുള്ള റോഡ് ടാറിംഗും | 550000 | ഒന്നും ലഭിച്ചിട്ടില്ല | 0 | 0 |
| 17 | 262 | കൊച്ചുകൊട്ടാരം ചക്കങ്കൽ റോഡ് വാർഡ് 8 | 400000 | ശശി, കണ്ണച്ചംകാവ് | 10000 | 840 |
| | | | | വിജയൻ.പി.ജി, പുന്നക്കൽ | 10000 | 840 |
| | | | | ഉമ്മച്ചൻ.എ.പി, ആറാട്ടുകുളം | 10000 | 840 |
| 18 | 263 | പാലച്ചിറ സോഷ്യോ എക്കണോമിക് റോഡ് ടാറിംഗ് | 203664 | ഒന്നു ലഭിച്ചിട്ടില്ല | 0 | 0 |
| 19 | 265 | പള്ളോട്ടി ബീച്ച് റോഡ് ടാറിംഗ് | 300000 | ജോർജ്കുട്ടി, പള്ളിപ്പറമ്പിൽ | 7500 | 630 |
| | | | | ജിതേന്ദ്, ക്ലത്താക്കര | 7500 | 630 |
| 20 | 266 | 83-ാം നം. അങ്കണവാടി ഓഡിറ്റോറിയം | 550000 | ഷാഹുൽ ഹമീദ്.പി.എ, ഖാദർ മൻസിൽ | 13800 | 1160 |
| | | | | ഉമ്മച്ചൻ.എ.പി, ആറാട്ടുകുളം | 13800 | 1160 |
| | | | | കാപ്പ്സ്കോൺ, ഇൻഫ്രാ.പ്രൈ.ലി. | 13800 | 1160 |
| 21 | 267 | സർവ്വോദയപുരം ആർ.ഒ.പ്ലാന്റ് ടോയ് ലറ്റ് | 50000 | ഒന്നും ലഭിച്ചിട്ടില്ല | 0 | 0 |
| ആകെ | | | | | 403900 | 34650 |

Retender 2nd Phase

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | തുക | കോൺട്രാക്ടർ | ഇ.എം.ഡി | ടെൻഡർ ഫീ |
|---|---|---|---|---|---|---|
| 1 | 103 | തോട്ടുങ്കൽ കോളനി റോഡ് ടാറിംഗ് വാർഡ് 20 | 449803 | ജിതേന്ദ്, കുത്താക്കര | 11300 | 950 |
| 2 | 127 | സർവ്വോദയപുരം മാർക്കറ്റ് കെട്ടിടപുനരുദ്ധാരണം വാർഡ് 17 | 121821 | ഷാഹുൽ ഹമീദ്.കെ.എ, ഖാദർ മൻസിൽ | 3300 | 530 |
| | | | | കാപ്പ്സ്കോൺ ഇൻഫ്രാ | 3300 | 530 |
| 3 | 149 | ഹോമിയോ ഹോസ്പിറ്റൽ ചുറ്റുമതിൽ നിർമ്മാണം വാർഡ് 17 | 373158 | കാപ്പ്സ്കോൺ ഇൻഫ്രാ പ്രോജക്ട് പ്രൈ.ലി. | 10000 | 840 |
| 4 | 261 | മത്സ്യക്ലസ്റ്റർ കോളനി റോഡ് നിർമ്മാണവും നിലവിലുള്ള റോഡ് ടാറിംഗും - വാർഡ് 22 | 547659 | ജോർജ്കുട്ടി, പള്ളിപ്പറമ്പിൽ | 13800 | 1160 |
| 5 | 263 | പാലച്ചിറ സോഷ്യോ എക്കണോമിക് റോഡ് ടാറിംഗ് - വാർഡ് 17 | 203541 | ഒന്നു ലഭിച്ചിട്ടില്ല | 0 | 0 |
| 6 | 267 | സർവ്വോദയപുരം ആർ.ഒ.പ്ലാന്റ് ടോയ് ലറ്റ് - വാർഡ് 17 | 45990 | കാപ്പ്സ്കോൺ ഇൻഫ്രാ | 1300 | 530 |
| | | | | ആകെ | 43000 | 4540 |

.
.
.
.
.
.
.
..
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ